# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAD/PTA/p11/966/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/PTA/p11/966/2023 തീയ്യതി: 09/10/2023

## പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2022 മുതൽ 20-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 22-07-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 04-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 04-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അനിൽ കുമാർ റ്റി, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എസ്, ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ലത മോഹൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജയൻ ജോണി | സെക്രട്ടറി | 01-04-2022 | 01-08-2022 |
| ശ്രീ അജിത്ത് കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-08-2022 | 15-08-2022 |
| ശ്രീ ജയൻ ജോണി | സെക്രട്ടറി | 16-08-2022 | 30-09-2022 |
| ശ്രീ ജോസ് പ്രകാശ് ടി ഐ | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അജിത്ത് കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 13-10-2022 |
| ശ്രീ വിജയ കുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 14-10-2022 | 10-11-2022 |
| ശ്രീമതി ബിന്ദു എസ് | അസിസ്റ്റന്റ് സെക്രട്ടറി | 11-11-2022 | 23-11-2022 |
| ശ്രീ സെബാസ്റ്റ്യൻ മോറിസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-11-2022 | 24-12-2022 |
| ശ്രീ സന്തോഷ് കുമാർ ജി | അസിസ്റ്റന്റ് സെക്രട്ടറി | 25-12-2022 | 31-03-2023 |
| ശ്രീമതി ഓമന എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി നിഷ അനി ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ ബിനു രാജ് പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 24-07-2022 |
| ശ്രീ പ്രശാന്ത് പി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-07-2022 | 31-12-2022 |
| ശ്രീമതി സ്വപ്ന എസ് പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2023 | 31-03-2023 |
| ഡോ ദേവി ലക്ഷ്മി വി ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ ലക്ഷ്മി ജി കൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ രേഷ്മ കെ കൃഷ്ണൻ | മെഡിക്കൽ | 01-04-2022 | 31-01-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(എഫ്.എച്ച്.സി) | | |
| ഡോ സോണിക് വി എസ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-02-2023 | 31-03-2023 |
| ഡോ ശരവണൻ സി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദുമോൾ പി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീ മാത്യു ഒ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26-07-2022 | 11-12-2022 |
| ശ്രീമതി സിന്ധു കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി അനുബന്ധ രേഖവൽ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-5 |
| 7 | ബാങ്ക് നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | നികുതി-നികുതിയേതര വരുമാനം:അവലോകനം | 1-11 |
| 18 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 19 | നിർബന്ധിത തുറസ്സായ സ്ഥലം പാർക്കിംഗിനായി കണക്കാക്കി പെർമിറ്റ് അനുവദിച്ചു | 1-13 |
| 20 | അസ്സംബ്ലി കെട്ടിടത്തിന് ചട്ട വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു | 1-14 |
| 21 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-15 |
| 22 | ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു | 1-16 |
| 23 | അനധികൃത നിർമ്മാണത്തിന് നികുതി ഈടാക്കേണ്ടതാണ് | 1-17 |
| 24 | വസ്തു നികുതി കുടിശ്ശികയിനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-18 |

| | | |
|---|---|---|
| 25 | ശബരിമല തീർത്ഥാടനം- ഗ്രാമപഞ്ചായത്ത് നിയമിച്ച ലൈഫ് ഗാർഡുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയില്ല | 1-19 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- പദ്ധതി സ്പിൽ ഓവറാക്കിയില്ല | 1-20 |
| 27 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നില്ല | 1-21 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ഈടാക്കിയില്ല | 1-22 |
| 29 | മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല | 1-23 |
| 30 | തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല | 1-24 |
| 31 | ശബരിമല ഗ്രാന്റ് - ലക്ഷങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-25 |
| 32 | അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 33 | പദ്ധതിനിർവ്വഹണ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തിരികെ ഒടുക്കിയില്ല. | 1-27 |
| 34 | പഞ്ചായത്തിന്റെ കുടുംബാരോഗ്യ കേന്ദ്രം നിൽക്കുന്ന സ്ഥലം സ്വകാര്യ ട്രസ്റ്റിന്റെ പേരിൽ | 1-28 |
| 35 | രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-29 |
| 36 | വെള്ളക്കരമിനത്തിൽ കുടിശ്ശിക പെരുകുന്നു | 1-30 |
| 37 | പമ്പാ നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭിച്ച തുക ചെലവഴിച്ചില്ല | 1-31 |
| 38 | റോഡ് മെയിന്റനൻസ് ഗ്രാന്റ് 1.05 കോടി രൂപ ലാപ്സാക്കി | 1-32 |
| 39 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല | 1-33 |
| 40 | കരാറുകാരന് അധിക നിരക്കിൽ GST കോമ്പൻസേഷൻ നൽകി - 24605 രൂപയുടെ നഷ്ടം | 1-34 |
| 41 | സംരക്ഷണഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ 160210 രൂപയുടെ നഷ്ടം | 1-35 |
| 42 | ഐറിഷ് ഓട നിർമ്മിക്കുന്നതിന് അധിക നിരക്കിൽ പ്രതിഫലം നൽകിയ ഇനത്തിൽ 13744 രൂപയുടെ നഷ്ടം | 1-36 |
| 43 | എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല | 1-37 |
| 44 | കുടുംബശ്രീ യൂണിറ്റിന് കഫേ നിർമ്മാണം - നിഷ്ഫലമായ ചെലവ് | 1-38 |
| 45 | വൻതുക ചെലവഴിച്ച് സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തന രഹിതം | 1-39 |
| 46 | കരാർ ലംഘനം നടത്തിയ കോൺട്രാക്ടറുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടണം | 1-40 |
| 47 | പരേതരെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിൽ ഗുരുതര വീഴ്ച – സർക്കാർ ഖജനാവിന് ഭീമമായ നഷ്ടം | 1-41 |
| 48 | സേവന പെൻഷൻ ഡാറ്റാ ബേസിൽ മരണപ്പെട്ടവരും അനർഹരുമായ 83 | 1-42 |

| | | |
|---|---|---|
| | പേർ | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അധിക നിരക്കിൽ GST കോമ്പൻസേഷൻ നൽകിയ ഇനത്തിൽ 24605 രൂപയുടെ നഷ്ടം | 3-1 |
| 2 | പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ 160210 രൂപയുടെ നഷ്ടം | 3-2 |
| 3 | ഐറിഷ് ഓട നിർമ്മിക്കുന്നതിന് അധിക നിരക്കിൽ പ്രതിഫലം നൽകിയ ഇനത്തിൽ 13744 രൂപയുടെ നഷ്ടം | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 03-07-2023 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 03-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ |
| തീയതി 09-10-2023 | ജില്ലാ ഓഡിറ്റ് കാര്യാലയം |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -15871568 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7222473 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ്

രേഖപ്പെടുത്തിയിട്ടുള്ളത്

## 1-1-4 ജേണൽ വൗച്ചറുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി അനുബന്ധ രേഖവൽ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ഐ-19 പ്രകാരം Prior Period Income And Expenditure എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | ലഡ്ജർ -നീക്കിയിരിപ്പ് തുക |
|---|---|
| Prior Period Income-Property Tax | -992033 |
| Prior Period Income- Profession Tax | 7500 |
| Prior Period Income- License Fee | 6000 |
| Prior Period Income- Other Income | 480 |

## 1-1-5 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 3921148 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

## 1-1-6 ബാങ്ക് നീക്കിയിരിപ്പ് ഉൾപ്പെടുത്തിയിട്ടില്ല

WGDP അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയായ 586 രൂപ ഷെഡ്യൂൾ RP 40 (B)- യിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-1-7 തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു

Redemption Amount , Receivables From Government എന്ന ഹെഡ്ഡിലാണ് അക്കൗണ്ട് ചെയ്തത്.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 1(1) തീയ്യതി 26-03-2022 |
| ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് | 7023196.42 |
| പ്രതീക്ഷിത വരവ് | 276484290 |
| ആകെ | 283507486.42 |
| പ്രതീക്ഷിത ചെലവ് | 282145290 |
| നീക്കിബാക്കി | 1362196.42 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പരും തീയതിയും | 8(4) തീയ്യതി 25-02-2023 |

## 1-3 സാമ്പത്തിക വിശകലനം

| | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,01,59,784 | |
| ഓഡിറ്റ് വർഷത്തെ വരവ് | 4,16,29,968 | |
| ആകെ വരവ് | 6,17,89,752 | 140781343 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,44,07,495 | 144847724 |
| നീക്കിയിരിപ്പ് | 2,73.82,257 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 16873000 | 16873000 | 14916909 | 1956091 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 6655000 | 6655000 | 5897067 | 757933 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 308000 | 308000 | 308000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1959903 | 4903100 | 6863003 | 2307314 | Lapse-303200<br>Balance-4252489 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 780377 | 3434476+<br>168406 (Interest)<br>=3602882 | 4383259 | 3588190 | Lapse-211286<br>Balance-583783 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | ,, | 34299000 | 34299000 | 24234183 | 10064817 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | ,, | 6153000 | 6153000 | 6150812 | 2188 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 307 | 12 | 319 | -- | 319 |
| ശബരിമല ഗ്രാന്റ് | 6163893 | 2346000 | 8509893 | 2937519 | 5572374 |
| ശുചിത്വ മിഷൻ | 2868248 | -- | 2868248 | 1674152 | 1194096 |
| WGDP | 577 | 9 | 586 | 0 | 586 |
| ബയോഡൈവേഴ്സിറ്റി ഫണ്ട് | 1611766 | 42591 | 1654357 | 13968 | 1640389 |
| ലൈഫ് -സംസ്ഥാനം വിഹിതം | 386187 | 0 | 386187 | 0 | 386187 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 601498 | 1015152 | 1616650 | 308689 | 1307961 |
| എം.ജി.എൻ. ആർ.ജി.എസ് | 94 | 17804938 | 17805032 | 17805032 | 0 |
| ഹെൽത്ത് ഗ്രാന്റ് | 0 | 268341 | 268341 | 254878 | 13463 |
| ഹെൽത്ത് ഗ്രാന്റ്- റൂറൽ | 0 | 136927 | 136927 | 134310 | 2617 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 467183 |
| ,, | അങ്കണവാടി അധിക വേതനം | 1226400 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 574807 |
| വികസന ഫണ്ട്-ടി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 41849 |

## 1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 214 | 115851826 | 178 | 65596722 | 36 | 56.62 |

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവു വിവരങ്ങളും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപ്പാദന മേഖല | 9822095 | 4342131 | 44.21 |
| സേവന മേഖല | 58085268 | 33394728 | 57.49 |
| പശ്ചാത്തല മേഖല | 47944463 | 27859863 | 58.11 |
| ആകെ | 115851826 | 65596722 | 56.62 |

C.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 4511095 | 1524230 | 33.79 |
| 2 | വെറ്ററിനറി സർജൻ | 8 | 8 | 3622000 | 1819092 | 50.22 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 11 | 11 | 2895809 | 2719492 | 93.91 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 4 | 1290000 | 1262215 | 97.85 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 350000 | 342075 | 97.74 |
| 6 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 900947 | 64.35 |
| 7 | വി.ഇ.ഒ. | 22 | 14 | 27467634 | 13517540 | 49.21 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 12 | 5011250 | 2949120 | 58.85 |
| 9 | സെക്രട്ടറി | 33 | 26 | 15330605 | 8801564 | 57.41 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 98 | 78 | 52223433 | 30236119 | 57.9 |
| 11 | ഹെഡ് മിസ്ട്രസ് | 4 | 4 | 640000 | 594373 | 92.87 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 950000 | 869545 | 91.53 |
| 13 | ഫിഷറീസ് ഇൻസ്ട്രക്ടർ | 1 | 1 | 160000 | 60410 | 37.76 |
| | ആകെ | 214 | 178 | 115851826 | 65596722 | 56.62 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 94 | 699003 | 699097 | 699097 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17105935 | 17105935 | 17105935 | 0 |
| ആകെ | 94 | 17804938 | 17805032 | 17805032 | 0 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 02.08.2023, 1.00 P. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 17510/- (പതിനേഴായിരത്തി അഞ്ഞൂറ്റി പത്ത് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചുവടെ പറയുന്ന കാര്യങ്ങളിൽ അധികാരികളുടെ സവിശേഷ ശ്രദ്ധയുണ്ടാകേണ്ടതാണ്.

- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- പഞ്ചായത്തിലേയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.
- എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് ചേരേണ്ടതും, സൂപ്പർവൈസർ ഓഫീസ് പ്രവർത്തനത്തിന്റെ അവലോകന റിപ്പോർട്ട് അവതരിപ്പിക്കേണ്ടതുമാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകേണ്ടതാണ്.
- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.

- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.
- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും, പ്രോജക്കുകളുടെ മോണിട്ടറിംഗ് യഥാവിധി നടത്തുകയും, ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.9.2017-28.9.2017 | 2009-10 മുതൽ 2016-17വരെ | 26.11.2017 |
| പെർഫോമൻസ് ഓഡിറ്റ് | 15.6.2022 | 1/2022 മുതൽ 3/2022 വരെ | ലഭിച്ചിട്ടില്ല |

## 1-11 നികുതി-നികുതിയേതര വരുമാനം:അവലോകനം

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ. 11425982 രൂപയാണ് പൊതു ആവശ്യഗ്രാന്റിനു പുറമെയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം.പ്രധാന നികുതി-നികുതിയേതര വരുമാനത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള കളക്ഷനും യഥാർത്ഥ കളക്ഷനും ചുവടെ ചേർക്കുന്നു

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള കളക്ഷൻ | യഥാർത്ഥ കളക്ഷൻ |
|---|---|---|---|
| 1 | വസ്തുനികുതി | 6500000 | 6107965 |
| 2 | തൊഴിൽ നികുതി | 2500000 | 2299442 |
| 3 | ലൈസൻസ് ഫീസ് | 400000 | 260900 |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | 300000 | 184776 |
| 5 | വാടക | 320000 | 129335 |

നികുതി,നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതിയുടെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടുള്ളതാണ്. എന്നാൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.

പ്രധാന വരവിനങ്ങൾ

എ) തൊഴിൽ നികുതി

തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| ജീവനക്കാർ | 1900962 | 1862712 | 0 | പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയായ ₹38250/- കളക്ഷനായി ചേർത്തിട്ടില്ല |
| ട്രേഡേഴ്സ് | 394230 | 345130 | 0 | അഡ്വാൻസായി ₹49100/-കളക്ട് ചെയ്തിരിക്കുന്നു. |
| ഇൻസ്റ്റിറ്റ്യൂഷൻ | 42500 | 42500 | 0- | |

തൊഴിൽ നികുതി ഇനത്തിൽ 100% കളക്ഷനാണ്. കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി കാണിക്കുന്നത്.

സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിൽ ചെയ്യുന്നവർ, റേഷൻ വ്യാപാരികൾ, ക്ഷീരസഹകരണസംഘം ജീവനക്കാർ, മറ്റ് പ്രൊഫഷണലുകൾ എന്നിങ്ങനെയുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് .

ലൈസൻസ് ഫീസിന്റെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 260900 | 202900 | 0 | അഡ്വാൻസായി ₹58000/-കളക്ട് ചെയ്തിരിക്കുന്നു. |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല. തൻ വർഷം ആകെ ലൈസൻസ് നേടിയ 257 വാണിജ്യ സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 1179 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ആയതിനാൽ എല്ലാ റേഷൻകടകളും പഞ്ചായത്ത് ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

സി) വാടക

വാടക ഇനത്തിലുള്ള തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| വാടക | 129335 | 109335 | 0 | അഡ്വാൻസായി ₹20000/-കളക്ട് ചെയ്തിരിക്കുന്നു. |

ഗ്രാമപഞ്ചായത്ത് വക പൊതുമാർക്കറ്റിലെ കടമുറികളുടെ വാടക, കമ്മ്യൂണിറ്റി ഹാൾ വാടക എന്നിവയാണ് വാടക ഇനത്തിലുള്ള പ്രധാന വരവ്. പൊതുമാർക്കറ്റിലെ പല കടമുറികളും വാടകയ്ക്ക് നല്കുന്നില്ല. ഇവ 2018ലെ പ്രളയത്തിനു ശേഷം ഉപയോഗയോഗ്യമല്ലാത്തതിനാൽ ലേലം ചെയ്യുവാനാകുന്നില്ല. ആയതിനാൽ വാടകയിനത്തിൽ ലഭിക്കേണ്ട വരവ് പൂർണ്ണമായും ലഭിക്കുന്നില്ല. ക്ഷമതയില്ലാത്ത കടമുറികൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

ഡി) വസ്തു നികുതി

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ സഞ്ചയ പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| വസ്തു നികുതി തരം | നികുതി | | |
|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം (തൻ വർഷം) | 3064831 | 2926105 | 138726 |
| പാർപ്പിടം(കുടിശ്ശിക) | 784140 | 682992 | 101148 |
| പാർപ്പിടേതരം(തൻവർഷം) | 2563891 | 2376468 | 187423 |
| പാർപ്പിടേതരം(കുടിശ്ശിക) | 919725 | 412270 | 507455 |

വസ്തു നികുതിയുടെ തൻവർഷത്തെ പിരിവ് 87.81% ആണ്. ഇത് 2021-22 വർഷം 76.19% ആയിരുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വസ്തു നികുതി പിരിവു സംബന്ധിച്ച് അവലോകനങ്ങൾ നടത്തുന്നുണ്ട്. വസ്തു നികുതി കുടിശ്ശികയുടെ 9.19% തുകയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരുന്നവയാണ്. റിക്കവറി നടപടിയിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

ഇ-പേയ്മെന്റായി ഒടുക്കുന്ന തുകകൾ നേരിട്ട് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരുന്നതിനുള്ള സംവിധാനമായിട്ടില്ല. നിലവിൽ ഐ.കെ.എം ന്റെ ഒരു പൊതു അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. പിന്നീട് ഐ.കെ. എം ഗ്രാമപഞ്ചായത്തിന്റെ

അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുകയാണ് ചെയ്യുന്നത്. ആയതിനാൽ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്.

05.04.2023 ലെ സ.ഉ.നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (13.06.2023 ലെ 10(1)-ാം തീരുമാനം) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ പ്രധാന നികുതി വരുമാന മാർഗ്ഗങ്ങളിലൊന്നാണ് തൊഴിൽ നികുതി. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി, വടശ്ശേരിക്കര | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ബി.എസ്.എൻ.എൽ, വടശ്ശേരിക്കര | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | സപ്ലൈകോ ഡിപ്പോ, വടശ്ശേരിക്കര | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | അക്ഷയ സെന്റർ, വടശ്ശേരിക്കര | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | അക്ഷയ സെന്റർ, കുമ്പളാംപൊയ്ക | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

തൊഴിൽ നികുതി കുടിശ്ശികസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) റേഷൻ കടകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങളിലെയും റേഷൻ കടകളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ(സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ,അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 17/29.07.23) മറുപടിയായി സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് വിവരശേഖരണം നടത്തിവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 നിർബന്ധിത തുറസ്സായ സ്ഥലം പാർക്കിംഗിനായി കണക്കാക്കി പെർമിറ്റ് അനുവദിച്ചു

വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 32-ൽ സർവ്വേ നം. 70/21- 5ലുള്ള 202ച.മീ. പ്ലോട്ടിൽ 236.85ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി മായ എം., ചാമക്കാലായിൽ, വയ്യാറ്റുപുഴ, ബംഗ്ലാംകടവ് എന്ന വ്യക്തിയ്ക്ക് 13.10.2022-ൽ A1-BA(320582/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ് ഏരിയ (ച.മീ.) | ഫ്ലോർ ഏരിയ (ച.മീ.) |
|---|---|---|
| ബേസ്മെന്റ് ഫ്ലോർ | 84.44 | 67.55 |
| തറനിരപ്പ് നില | 84.44 | 67.73 |
| ഒന്നാം നില | 67.97 | 54.36 |
| ആകെ | 236.85 | 189.64 |

സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 29.09.22-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(6) പ്രകാരം എഫ്. ഗണം (വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ഓരോ 90ച.മീ. ഫ്ലോർ ഏരിയയ്ക്കും അതിന്റെ ഭാഗത്തിനും ഒന്നു വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 189.64 ച.മീ. ഫ്ലോർ ഏരിയയുള്ള കെട്ടിടത്തിന് 3 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം (45ച.മീ.) ആവശ്യമാണ്. പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ മൂന്ന് കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ട്. കെട്ടിടത്തിന് മുൻവശത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്താണ് പാർക്കിംഗ് കാണിച്ചിട്ടുള്ളത്. എന്നാൽ തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനം തിരിക്കുന്നതിനുള്ള സൗകര്യവും ഉണ്ടെങ്കിൽ നിർബന്ധമായും ഉണ്ടാകേണ്ട തുറസ്സായ സ്ഥലത്തിന്റെ 50% വരെ മാത്രം ആവശ്യമായ പാർക്കിംഗ് സ്ഥലമായി കണക്കാക്കാനാണ് ചട്ടം അനുവദിച്ചിട്ടുള്ളത്. അപ്രകാരം കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ മുൻഭാഗത്ത് ഏകദേശം 29ച.മീ. സ്ഥലം മാത്രമാണ് പാർക്കിംഗിന് അനുവദനീയമായിട്ടുള്ളത്. ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാൻ, കുട്ടികൾ എന്നിവർക്ക് സൗകര്യപ്രദമായി പ്രവേശിക്കുന്നതിന് ചട്ടം 42(2) പ്രകാരം കെട്ടിടത്തിന്റെ മെയിൻ എൻട്രൻസിലേക്ക് നിർമ്മിക്കേണ്ട റാമ്പ് കാണിച്ചിട്ടുമില്ല. കൂടാതെ ഇരുചക്രവാഹന പാർക്കിംഗിനായി ചട്ടം 29(5) പ്രകാരം 11.25ച.മീറ്ററും ആവശ്യമാണ്. അത്തരത്തിൽ കണക്കാക്കുമ്പോൾ ഒരു കാർ സൗകര്യപ്രദമായി പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമെ പ്ലോട്ടിലുള്ളൂ.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(43/04.08.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-14 അസ്സംബ്ലി കെട്ടിടത്തിന് ചട്ട വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു

വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 31-ൽ സർവ്വേ നം. 474/1- ലുള്ള 96.31 ആർ പ്ലോട്ടിൽ 741.31 ച.മീ. വിസ്തീർണ്ണമുള്ള അസ്സംബ്ലി കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. കെ.സി.ഫിലിപ്പ്, കടവിൽ ഹൗസ്, പരുമല എന്ന വ്യക്തിയ്ക്ക് 26.10.2022-ൽ A1-BA(334739)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിൽ 80ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം നിലവിലുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടം | വിസ്തീർണ്ണം(ച.മീ.) | ഫ്ലോർ ഏരിയ (ച.മീ.) |
|---|---|---|
| അസ്സംബ്ലി കെട്ടിടം | 741.32 | 741.32 |
| ടോയ്‌ലറ്റ് ബ്ലോക്ക് | 77.47 | - |
| ആകെ | 818.79 | 741.32 |

സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 14.10.22-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കെട്ടിടത്തിന് ചട്ട പ്രകാരം ആവശ്യമായ കാർ പാർക്കിംഗുകളുടെ എണ്ണം കണക്കാക്കി പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. 9 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം

നൽകിയിട്ടുണ്ടെന്ന് മാത്രമാണ് പരിശോധനാ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ളത്. പെർമിറ്റിനായി ഹാജരാക്കിയിട്ടുള്ള പ്ലാനിൽ 11 കാറുകൾ , 10 ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കുള്ള പാർക്കിംഗ് സൗകര്യം നൽകിയിട്ടുണ്ട്. എഫ്. ഗണം (വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് തെരുവ് വിട്ടുള്ള പാർക്കിംഗ് സൗകര്യം കണക്കാക്കിയിട്ടുള്ളത്. എന്നാൽ കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(4) പ്രകാരം അസ്സംബ്ലി ഗണത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് 20ച.മീ. ഫ്ലോർ ഏരിയയ്ക്ക് ഒന്ന വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 741.32ച.മീ. ഫ്ലോർ ഏരിയയുള്ള കെട്ടിടത്തിന് 38 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം (564.30ച.മീ.) ആവശ്യമാണ്. ഇരുചക്രവാഹന പാർക്കിംഗിനായി 135ച.മീറ്ററും ആവശ്യമാണ്(ചട്ടം 29(5)). എന്നാൽ 28കാറുകൾക്കും 20 ഇരുചക്രവാഹനങ്ങൾക്കുമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമല്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(42/04.08.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-15 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

വസ്തു നികുതി നിർണ്ണയത്തിൽ റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി അനർഹമായ നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ പി. ജി .വർഗ്ഗീസ് & ശ്രീമതി.പൊന്നമ്മ വർഗ്ഗീസ് &ശ്രീ. ജോമോൻ വർഗ്ഗീസ്, പതാലിൽ,വടശ്ശേരിക്കര എന്നിവരുടെ ഉടമസ്ഥതയിൽ 5-ാം വാർഡിൽ റീസർവ്വേ നമ്പർ 162/7-5,162/7-9,162/7-9-1 ൽ ഉൾപെട്ട സ്ഥലത്ത് 153.37ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള Residential Cum Commercial ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് 5/71 A , 5/71 B എന്നീ നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിൽ 9 മീറ്റർ വീതിയുള്ള വടശ്ശേരിക്കര-മണിയാർ റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടങ്ങളുടെ വസ്തു വികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തി അനർഹമായ നികുതിയിളവ് നല്കിയിട്ടുണ്ട്.

2. ശ്രീ. മോഹനൻ നായർ & ശ്രീ.അശോക് കുമാർ, പുത്തൻ പുരയിൽ,വടശ്ശേരിക്കര എന്നയാൾ 21.10.2020 തീയതിയിലെ പെർമിറ്റ് നമ്പർ A1-3337/2020 പ്രകാരം 3- വാർഡിൽ റീസർവ്വേ നമ്പർ 229/5-1,229/11-1,1229-11-1 ൽ ഉൾപ്പെട്ട 921 ച മീ സ്ഥലത്ത് 119.34ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള ഗണത്തിൽ പെടുന്ന 3/271 D , 3/721 E എന്നീ നമ്പറുകൾ നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ റോഡിന്റെ തരം 1.5മീറ്ററിൽ കൂടുതൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 9 മീറ്റർ വീതിയുള്ള റാന്നി-ബംഗ്ലാംകടവ് റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ടി കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

അനർഹമായ നികുതിയിളവ് നല്കിയതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-33/02.08.2023) മറുപടിയായി ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 32-ൽ സർവ്വേ നം. 90/8, 90/8-3, 90/2-32 എന്നിവയിലുള്ള 211ച.മീ. പ്ലോട്ടിൽ 349.33 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ ഫിലിപ്പ് വർഗ്ഗീസ്, എടയ്ക്കാട്ട് ഹൗസ്, വടശ്ശേരിക്കര എന്ന വ്യക്തിയ്ക്ക് 16.03.2023-ൽ A1-BA(103543)/2023 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ബിൽറ്റ് അപ് ഏരിയ (ച.മീ.) | | ഫ്ലോർ ഏരിയ (ച.മീ.) | |
|---|---|---|---|---|
| | വാണിജ്യാവശ്യം | പാർപ്പിടാവശ്യം | വാണിജ്യാവശ്യം | പാർപ്പിടാവശ്യം |
| തറനിരപ്പ് നില | 92.70+24.88 (പാർക്കിംഗ്) | | 92.70 | |
| ഒന്നാം നില | 126.06 | | 126.06 | |

| | | | | |
|---|---|---|---|---|
| രണ്ടാം നില | | 105.69 | | 105.69 |
| ആകെ | 243.64 | 105.69 | 218.76 | 105.69 |
| ആകെ | 349.33 | | 324.45 | |

സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 13.03.23-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2019 ചട്ടം 29 പട്ടിക 10(6) പ്രകാരം എഫ്. ഗണം (വ്യാപാരം/വാണിജ്യം) ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ഓരോ 90ച.മീ. ഫ്ലോർ ഏരിയയ്ക്കും അതിന്റെ ഭാഗത്തിനും ഒന്ന വീതം കാർ പാർക്കിംഗ് സൗകര്യം ആവശ്യമാണ്. അപ്രകാരം കണക്കാക്കുമ്പോൾ 218.76 ച.മീ. ഫ്ലോർ ഏരിയയുള്ള വാണിജ്യ കെട്ടിട ഭാഗത്തിന് 3 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം (45ച.മീ.) ആവശ്യമാണ്. പാർക്കിംഗ് പ്ലാനിൽ മൂന്ന് കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യമാണ് കാണിച്ചിട്ടുള്ളത്. ഇത് പ്രകാരം കെട്ടിടത്തിന് മുൻവശത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലവും തറ നിരപ്പ് നിലയിലെ കുറച്ച് ഭാഗവും ചേർത്ത് 2 കാറുകൾക്കുള്ള പാർക്കിംഗും പിൻഭാഗത്താണ് ഒരു കാർ, ഇരുചക്രവാഹനങ്ങൾ എന്നിവയ്ക്കുള്ള പാർക്കിംഗുമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ തറനിരപ്പുനിലയുടെ പ്ലാനിൽ ടി. ഭാഗത്ത് ഭിന്നശേഷിക്കാർക്കുള്ള ടോയ്ലറ്റ്, പുരുഷൻമാരുടെ ടോയ്ലറ്റ്, സ്റ്റോർ റൂം, വാഷ് ബേസിനുകൾ എന്നിവയാണ് കാണിച്ചിട്ടുള്ളത്. അതു കൊണ്ട് തന്നെ ഒരു കാറിനും ഇരുചക്രവാഹനങ്ങൾക്കുമുള്ള പാർക്കിംഗ് സൗകര്യം പ്ലോട്ടിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ സമർപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (43/04.08.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യത്തിന് പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിന് ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചത് സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-17 അനധികൃത നിർമ്മാണത്തിന് നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്തിലെ 4-ാം വാർഡിലെ 32- ബ്ലോക്കിലെ റീസർവ്വേ നമ്പർ 90/2 ൽ ഉൾപ്പെട്ട 4.86 ആർ(486 ച മീ) സ്ഥലത്ത് ശ്രീമതി ഫജർന യൂസഫ്, ഫൈസൽ മാൻഷൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 3 നിലകൾക്ക് 09/06/2022 ന് കെട്ടിട നമ്പർ അനുവദിച്ച് നല്കിയിട്ടുണ്ട്. 828.54 ച. മീ നിർമ്മിതവിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് ഗ്രൗണ്ട്, ഫസ്റ്റ്, സെക്കന്റ് ഫ്ലോറുകൾക്ക് 978 A, 978B,978C,978D,978E,978F,978G,978H,978I എന്നിങ്ങനെ നമ്പർ നല്കി കൊമേഴ്സ്യൽ (ഗ്രൂപ്പ് F) വിനിയോഗ ഗണത്തിൽ ഉൾപ്പെടുത്തിയാണ് ഒക്യുപ്പൻസി നല്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ അനുമതി കൂടാതെ മേൽ കെട്ടിടത്തിന് മുകളിലായി 274.63 ച.മീ വിസ്തീർണ്ണത്തിൽ നാലാമത് ഒരു നില കൂടി പണിഞ്ഞ് യൂണിവേഴ്സൽ കോളേജ് എന്ന സ്ഥാപനം നടത്തുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി അനധികൃത നിർമ്മാണം ക്രമവത്കരിക്കാൻ 23.10.2022 ലും 30.06.2023 ലും സെക്രട്ടറി ഉടമസ്ഥന് നോട്ടീസ് നല്കിയിട്ടിണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ പ്രകാരം "കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നല്കുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്". ഇപ്രകാരം മൂന്നിരട്ടി നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി (നം 32/2.8.23)നല്കിയിരുന്നു. ഇതിനു മറുപടിയായി ടി നിർമ്മിതിയെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി നമ്പർ നല്കി നിയമപ്രകാരമുള്ള പിഴയും നികുതിയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വസ്തു നികുതി കുടിശ്ശികയിനത്തിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ വൻതുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. കുടിശ്ശികയിനത്തിൽ 5000 നു മുകളിൽ തുക ഒടുക്കാനുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1/62 | ശിവരാമപിള്ള,പുളിന്തോട്ടത്തിൽ,ചെറുകുളഞ്ഞി | 7070 |
| 2 | 2/625 | മുരളിധരൻ നായർ,മധുമല,വടശ്ശേരികര | 15528 |
| 3 | 3/169 | പ്രസിഡന്റ്, കരയോഗമന്ദിരം വാളൂർ, കുളത്തുങ്കൽ, ചെറുകുളഞ്ഞി | 5475 |
| 4 | 4/191 | റ്റി ബി ഹരികുമാർ,താമരവേലിൽ,വടശ്ശേരിക്കര | 8395 |
| 5 | 4/669 | സാമുവേൽ ചാക്കോ,തടത്തിൽ,വടശ്ശേരിക്കര | 10080 |
| 6 | 4/751 | ആനി വർഗീസ്, കണ്ടംകുളത്ത്ബംഗ്ലാവിൽ, വടശ്ശേരിക്കര | 7115 |
| 7 | 4/795 | അസിസ്റ്റന്റ് എഞ്ചിനീയർ,പി ഐ പി സെക്ഷൻ, വടശ്ശേരിക്കര | 8640 |
| 8 | 4/993 | എ എം ഏബ്രഹാം,ഐവേലിൽ,വടശ്ശേരികര | 5516 |
| 9 | 8/242 | ഇസ്മയിൽ,ഷീജ മൻസിൽ,മണിയാർ | 6048 |
| 10 | 8/436 | ഫോറസ്റ്റ് ഓഫീസ്, മണിയാർ | 5190 |
| 11 | 9/443 | സാബു കുര്യാകോസ്,കാവുംകൽ ഗ്രാനൈറ്റ്സ് | 5302 |
| 12 | 9/446 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 7704 |
| 13 | 9/489 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 138428 |
| 14 | 9/490 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 190012 |
| 15 | 9/491 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 60916 |
| 16 | 9/492 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 23744 |
| 17 | 9/493 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 25500 |
| 18 | 9/494 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 5728 |
| 19 | 9/495 | സാബു കുര്യാക്കോസ്, കാവുങ്കൽ ഗ്രാനൈറ്റ്സ് | 19200 |
| 20 | 9/499 | സാബു കുരിയകോസ്, കാവുങ്കൽ | 7056 |
| 21 | 10/82 | ബിന്ദു,കദളി മംഗലത്ത് | 5996 |
| 22 | 10/157 | വി എൻ തങ്കപ്പൻ, പുത്തൻപുരയിൽ, തലച്ചിറ | 6588 |
| 23 | 12/505 | സബ് ഡിവിഷിണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, വടശ്ശേരിക്കര | 11550 |
| 24 | 12/602 | എബ്രഹാം വർഗ്ഗീസ്, കുറുകപതാലിൽ,വടശ്ശേരിക്കര | 5980 |
| 25 | 13/467 B | കെ രാമകൃഷ്ണൻ നായർ, പുത്തെൻ പുരയ്ക്കൽ, കൊമ്പനോലി | 8460 |
| 26 | 14/751 | തോമസ് ജേക്കബ്, കാര്യാട്ട് വീട് | 8544 |
| 27 | 15/585 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി എസ് എൻ എൽ | 33600 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (31/02.08.2023) നല്കിയിരുന്നു. ഇതിന് മറുപടിയായി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഓൺലൈനായി സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ശബരിമല തീർത്ഥാടനം- ഗ്രാമപഞ്ചായത്ത് നിയമിച്ച ലൈഫ് ഗാർഡുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈഫ് ഗാർഡുകളുടെ വേതനം (147/23) എന്ന പ്രോജക്ട് നടപ്പിലാക്കിയിരുന്നു. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിനാണ് ലൈഫ്

ഗാർഡുകളെ നിയമിച്ചത്. ശബരിമല ഫണ്ടിൽ നിന്നും 1029925 രൂപയാണ് പദ്ധതി ചെലവ്. ലൈഫ് ഗാർഡുമാരായി 31 പേരെയാണ് ഗ്രാമപഞ്ചായത്ത് നിയമിച്ചത്

ലൈഫ് ഗാർഡുമാരുടെ തെരഞ്ഞെടുപ്പ്, യോഗ്യത എന്നിവ സംബന്ധമായ വിവരങ്ങൾ ചോദിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.7/2022-23) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ചാണ് ഗാർഡുമാരെ കണ്ടെത്തിയതെന്നും ഫയർ ഫോഴ്സിനെക്കൊണ്ട് ഇവരുടെ നീന്തൽ യോഗ്യത പരിശോധിച്ച ശേഷമാണ് നിയമനം നടത്തിയതെന്നുമാണ് സെക്രട്ടറി അറിയിച്ചത്. ഗാർഡുമാരായി നിയമിച്ചവരുടെ ശാരീരിക ക്ഷമത മെഡിക്കൽ ഓഫീസർ മുഖാന്തിരം പരിശോധന നടത്തിയിട്ടില്ല. കൂടാതെ ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടില്ല. തന്മൂലം ഗാർഡുമാരായി നിയമിക്കുന്നവർക്ക് അപകടം സംഭവിച്ചാൽ ആയത് പഞ്ചായത്തിന്റെ ബാധ്യതയായി തീരും.ആയതിനാൽ ടി വിഷയങ്ങളിൽ പഞ്ചായത്ത് തുടർവർഷങ്ങളിൽ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- പദ്ധതി സ്പിൽ ഓവറാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രോജക്ട് നം.10/22) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണിൽ എസ്.സി.പി ഫണ്ടിൽ നിന്നും 12 ലാപ് ടോപ്പുകളുടെ വിലയായി 337980/- രൂപ 19-11-2021- ൽ അടവാക്കിയിരുന്നു. എന്നാൽ CPRCS മുഖേന വർക്ക് ഓർഡർ നൽകാൻ കഴിയാത്തതിനാൽ ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക തിരികെ വാങ്ങുകയും 30-08-2022-ൽ സഞ്ചിത നിധിയിലേക്ക് തിരികെ അടക്കുകയും ചെയ്തിട്ടുണ്ട്.

11-01-2022- ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.4 (11) നമ്പർ തീരുമാന പ്രകാരം ലാപ് ടോപ്പിന് CPRCS മുഖേന വർക്ക് ഓർഡർ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ GEM മുഖേന പർച്ചെയ്സ് നടത്തുന്നതിനോ അപ്രകാരം ലഭ്യമാകാത്ത പക്ഷം ഐ.റ്റി മിഷൻ ഡയറക്ടർ നിശ്ചയിച്ച് നൽകുന്ന വിലക്ക് ഇ- ടെണ്ടർ മുഖേന വാങ്ങുന്നതിനും അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്രകാരം കുട്ടികൾക്ക് ലാപ് ടോപ്പ് ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നിട്ടും തുക തിരികെ അടവാക്കുകയായിരുന്നു. പ്രോജക്ട് സ്പിൽ ഓവറാക്കുകയോ പുതിയ പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അർഹരായ 12 കുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്നതിന് സാധിച്ചിട്ടില്ല. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.26/01-08-2023) ലഭ്യമാക്കിയ മറുപടിയിൽ ജെം മുഖേനയുള്ള വാങ്ങലിന് CPRCS മുഖേനയുള്ള നിരക്കിനേക്കാൾ വളരെ കൂടുതലായതിനാൽ അർഹരായ 12 കുട്ടികൾക്കും ലാപ് ടോപ്പ് നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് തുക തിരികെ അടവാക്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്.

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് പരിശോധിച്ചതിൽ എസ്.സി.പി ഫണ്ടിനത്തിൽ ഏഴര ലക്ഷത്തോളം രൂപ നീക്കിയിരിപ്പുണ്ട്, കൂടുതൽ തുക വകയിരുത്തി പ്രോജക്ട് നടപ്പിലാക്കാൻ ശ്രമിക്കാതെ തുക തിരികെ അടവാക്കിയത് മൂലം അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും താൽപ്പര്യം ഉണ്ടാകേണ്ടതുണ്ട്.

## 1-21 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതുജല മാർഗ്ഗങ്ങളും നദികളും തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലമാർഗ്ഗങ്ങളും കെട്ടി നിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ നീരുറവകളും ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ- 15471/18 തീയതി 08-11-2018 പ്രകാരം ഇപ്രകാരമുള്ള പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് പുറമ്പോക്ക് സംബന്ധമായ എല്ലാ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും പുറമ്പോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ എല്ലാ പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണത്തിനായി വേലി കെട്ടി സംരക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്ത് ആസ്തിയെന്ന് കാണിച്ച് ബോർഡ് വയ്ക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പുറമ്പോക്ക് സംബന്ധമായി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണത്തിനായി അവ വേലി കെട്ടി സംരക്ഷിക്കുകയോ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് കാണിച്ച് ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ നിന്നും 36000 രൂപ തിരികെ ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 24000/- രൂപ ഗ്രാമപഞ്ചായത്തിൽ അടച്ചിട്ടുണ്ട്. രസീത് നമ്പർ-1230101337/02-08-2023 പ്രകാരം 4000 രൂപയും രസീത് നമ്പർ-1230000088/02-08-2023 പ്രകാരം 20000 രൂപയുമാണ് തിരികെ ലഭിച്ചത്. 12000 രൂപ ലഭിക്കാൻ ബാക്കി നിൽക്കുന്നു. പ്രസ്തുത തുക കൈപ്പറ്റിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ

അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, 223/23 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 140000 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 131592 |

മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിരുന്നു. സി.പി.സി.ആർ.എസ്. മുഖേന രണ്ട് കമ്പ്യൂട്ടറുകൾ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് 131592രൂപ കെൽട്രോണിന് 21.02.23-ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത നൽകിയിരുന്നു. എന്നാൽ നാളിതുവരെയായിട്ടും കമ്പ്യൂട്ടറുകളും പ്രിന്ററും ലഭിച്ചിട്ടില്ല. തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപകരണങ്ങളുടെ വിവരം | എണ്ണം | ബിൽ നം./തീയതി | പ്രഫോർമ്മ ഇൻവോയ്സ് നം | മുൻകൂറായി നൽകിയ തുക |
|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ | 2 | GP10/22-23 /21.02.23 | TVM/ITBG/P1/RC /44500/22-23/09.01.23 | 96552 |
| 2 | മൾട്ടി ഫംഗ്ഷൻ പ്രിന്റർ | 1 | GP11/22-23 /21.02.23 | TVM/ITBG/P1/RC /44398/22-23/05.01.23 | 35040 |
| | ആകെ | | | | 131592 |

തുക മുൻകൂറായി നൽകിയിട്ടും നാളിതുവരെ കമ്പ്യൂട്ടറുകളും പ്രിന്ററും ലഭിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുക കൈമാറിയതിന് ശേഷം ഓൺലൈനായി വർക്ക് ഓർഡർ നൽകിയതിലുണ്ടായ സാങ്കേതിക പ്രശ്നം മൂലമാണ് ഉപകരണങ്ങൾ ലഭിക്കാൻ കാലതാമസം ഉണ്ടായതെന്നും ഉടൻ തന്നെ ലഭ്യമാക്കുന്നതാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കി, ഇൻവോയ്സിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി എഫ്.എച്ച്.സി.യ്ക്കും പാലിയേറ്റീവ് കെയർ പദ്ധതിക്കും മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പണം മുൻകൂർ ഒടുക്കിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | ബിൽ നം./ തീയതി | അടച്ച തുക | ലഭ്യമായ മരുന്നിന്റെ/ഉപകരണങ്ങളുടെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | 8/23, എഫ്.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ | 12/24.11.22 | 712007 | 334620 | 377387 |
| | | 19/10.03.22 | 87993 | 0 | 87993 |
| 2 | 234/23, അതിദരിദ്ര മൈക്രോ പ്ലാൻ- മരുന്ന് വാങ്ങൽ | 17/16.02.23 | 50000 | 8967 | 41033 |
| 3 | 225/23, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | PFMS/29.03.23 | 82509 | 0 | 82509 |
| 4 | 7/23, പാലിയേറ്റീവ് പരിചരണം | 22051152005601488590/31.03.23 | 419122 | 129090 | 290032 |
| | ആകെ | | | | 878954 |

മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ശബരിമല ഗ്രാന്റ് - ലക്ഷങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ശബരിമല സ്പെഷ്യൽ ഫണ്ട് എല്ലാ വർഷവും ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച് നൽകുന്നത്. 2011-12 സാമ്പത്തിക വർഷം മുതൽ 2022-23 വരെ പ്രസ്തുത ആവശ്യത്തിനായി ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| 2011-12 | - | 1500000 | 1500000 | 332856 | 1167144 |
| 2012-13 | 1167144 | 1500000 | 2667144 | 2518944 | 148200 |
| 2013-14 | 148200 | 1500000 | 1648200 | 1164053 | 484147 |
| 2014-15 | 484147 | 1500000 | 1984147 | 1378421 | 605726 |
| 2015-16 | 605726 | 2000000 | 2605726 | 861181 | 1744545 |
| 2016-17 | 1744545 | 2000000 | 3744545 | 1831368 | 1913177 |
| 2017-18 | 1913177 | 3500000 | 5413177 | 1588226 | 3824951 |
| 2018-19 | 3824951 | 3500000 | 7324951 | 3724937 | 3600014 |
| 2019-20 | 3600014 | 3500000 | 7100014 | 2179773 | 4920241 |
| 2020-21 | 4920241 | 2350000 | 7270241 | 1809706 | 5460535 |
| 2021-22 | 5460535 | 2350000 | 7810535 | 1646642 | 6163893 |
| 2022-23 | 6163893 | 2346000 | 8509893 | 2937519 | 5572374 |

2022-23 സാമ്പത്തിക വർഷം ശബരിമല ഫണ്ടിനത്തിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. ശുചീകരണ തൊഴിലാളികൾക്കും, ലൈഫ് ഗാർഡുകൾക്കും വേതനം, ശുചീകരണ സാമഗ്രികൾ വാങ്ങൽ, തെരുവ് വിളക്ക് വാങ്ങൽ അവയുടെ പരിപാലനം, തിരുവാഭരണ പാത വൃത്തിയാക്കൽ എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ചെയ്തിട്ടുള്ളത്.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നാല് പ്രോജക്ടുകളാണ് 2022-23 വർഷം തയ്യാറാക്കിയത്. എല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്നു. വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ടുകളായതിനാൽ ഇവ ഏകീകരിച്ച് ഒരു പ്രോജക്ടായി നടപ്പിലാക്കാമായിരുന്നു. നാല് പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമല്ല. തീർത്ഥാടകരുടെ ക്ഷേമത്തിനായി സർക്കാർ ചെലവഴിക്കുന്ന തുക അതേ ആവശ്യത്തിന് പ്രയോജനപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കാര്യമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ശബരിമല ഫണ്ടിനത്തിൽ 55 ലക്ഷത്തോളം രൂപ നീക്കിയിരിപ്പായ സാഹചര്യത്തിൽ തീർത്ഥാടകർക്ക് ആവശ്യമായ രീതിയിൽ സ്ഥിരമായ ഇടത്താവളങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിന് ഏർപ്പെടുത്താവുന്നതാണ്.

ശബരിമലയുമായി ഏറ്റവും അടുത്ത് കിടക്കുന്ന ഒരു ടൗൺ പ്രദേശമായതിനാൽ തീർത്ഥാടകർക്ക് ആവശ്യമായ എല്ലാ വിധവുമായ സൗകര്യങ്ങൾ ഒരുക്കി വടശ്ശേരിക്കരയെ ഒരു Base Camp ആക്കി മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് കർമ്മപദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃത്യവും സമയബന്ധിതവുമായ നിർവ്വഹണം ഉറപ്പുവരുത്തുകയും ചെയ്യാവുന്നതാണ്. തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ കുടുംബശ്രീ സംവിധാനവും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

ശബരിമല ഫണ്ട് സർക്കാർ ലഭ്യമാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ എൽ.ജി.റ്റി.എസ്.ബി അക്കൗണ്ടിലേക്കാണ്. എന്നാൽ ചെലവ് നടത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ വിവിധ തനത് ഫണ്ട് അക്കൗണ്ടുകൾ മുഖേനയാണ്. നിലവിൽ ശബരിമല ഫണ്ട് ഉൾപ്പെടെ പര്യാപ്തമായ ഫണ്ട് തനതുഫണ്ടിൽ ബാലൻസുള്ളതിനാൽ പ്രസ്തുത ഫണ്ട് പഞ്ചായത്തിന്റെ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ സാദ്ധ്യതയുണ്ട്. ആതിനാൽ ടി ഫണ്ടിനായി സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക്/ ട്രഷറി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

## 1-26 അഗതി രഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി ആവിഷ്ക്കരിക്കപ്പെട്ടത്. 2013-ലെ ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ തുടർച്ചയായി അർഹരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ആശ്രയ പദ്ധതി അഗതിരഹിത കേരളം പദ്ധതിയായി

രൂപാന്തരപ്പെട്ടത്. അഗതിരഹിത കേരളം പദ്ധതിയിൽ 173 അംഗങ്ങളാണുണ്ടായിരുന്നത്. നിലവിൽ 163 അംഗങ്ങളാണ് പദ്ധതിയിൽ ഉള്ളത്.

2019-20 മുതൽ 2022-23 വരെയായിരുന്നു പദ്ധതി കാലയളവ്. ആകെ 13385400 രൂപയായിരുന്നു പദ്ധതി അടങ്കൽ. (ചലഞ്ച് ഫണ്ട്- 3995400രൂപ, വികസന ഫണ്ട്- 9390000 രൂപ ).

സേവനങ്ങളുടെ ആവശ്യകത ചുവടെ പറയും പ്രകാരമാണ്.

| ആവശ്യമായ സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഭക്ഷണം | 173 |
| ചികിൽസ | 110 |
| വിദ്യാഭ്യാസം | 11 |
| വീട് | 11 |
| വീട് പനരുദ്ധാരണം | 52 |
| ഭൂമി | 1 |
| വൈദ്യുതി | 4 |

2019-20 മുതൽ 2022-23 വരെയുള്ള കാലയളവിൽ പ്രോജക്ടിന് ലഭിച്ച തുക ചുവടെ പറയും പ്രകാരമാണ്

| `ക്രമ നം | ഫണ്ടിനം | മുൻ നീക്കിയിരിപ്പ് | 2019-20 | 2020-21 | 2021-22 | 2022-23 | ആകെ |
|---|---|---|---|---|---|---|---|
| 1 | ചലഞ്ച് ഫണ്ട് | 200000 | 1123573 | 0 | 0 | 0 | 1323573 |
| 2 | പ്ലാൻ ഫണ്ട് | 2225914 | 200000 | 200000 | 200000 | 300000 | 3125914 |
| 3 | ബാങ്ക് പലിശ | 14199 | 0 | 0 | 0 | 0 | 14199 |
| | കമ്പ്യൂട്ടർ ഫണ്ട് | 150960 | | | | | 150960 |
| | ആകെ | 2591073 | 1323573 | 200000 | 200000 | 300000 | 4614646 |

പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചലഞ്ച് ഫണ്ട്, പ്ലാൻ ഫണ്ട്, ബാങ്ക് പലിശ എന്നീ ഇനങ്ങളിൽ ലഭ്യമായത് 4614646 രൂപ മാത്രമാണ്. ഇതിൽ 2591073 രൂപ മുൻ ബാക്കിയായി ലഭിച്ച തുകയാണ്.

പദ്ധതി കാലയളവിൽ ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| സേവന വിവരം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | പലിശ | ആകെ |
|---|---|---|---|---|
| ഭക്ഷണം | 1323573 | 204277 | | 1527850 |
| ചികിൽസ | - | - | - | - |
| വീട് നിർമ്മാണം | - | - | - | - |
| വീട് പുനരുദ്ധാരണം | | 1700000 | | 1700000 |
| മെഡിക്കൽ ക്യാമ്പ് | 3000 | | | 3000 |
| ആർ.പി ഹോണറേറിയം | | | | |
| മറ്റിനങ്ങൾ | | 115588 | - | 115588 |
| ആകെ | 1326573 | 2019865 | - | 3346438 |

പദ്ധതി പ്രകാരം നടന്ന ഏക കാര്യക്ഷമമായ പ്രവർത്തനം അഗതികൾക്ക് ഭക്ഷണവിതരണം നടത്തി എന്നത് മാത്രമാണ്. 11 ഗുണഭോക്താക്കൾക്ക് വീട് ആവശ്യമായിരുന്നെങ്കിലും 4 പേർക്ക് മാത്രമാണ് നൽകിയത്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവർക്ക് വീട് നൽകിയിട്ടുള്ളത്. ഏഴ് കുടുംബങ്ങൾക്ക് വീട് നൽകാൻ അവശേഷിക്കുന്നു.

52 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണം ആവശ്യമായിരുന്നെങ്കിലും 34 പേർക്ക് മാത്രമാണ് അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകിയത്. 6 പേർക്ക് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകി. 12 പേർക്ക് ഇനിയും വീട് മെയിന്റനൻസിനുള്ള ധനസഹായം നൽകാൻ അവശേഷിക്കുന്നു.

സ്വന്തമായി ഭൂമി ഇല്ലായിരുന്ന ഒരാൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ചികിൽസാ സഹായം ലഭ്യമാക്കിയത് വളരെ പരിമിതമാണ്. വിദ്യാഭ്യാസ സഹായം ഗുണഭോക്താക്കൾക്ക് ആവശ്യമായിരുന്നെങ്കിലും ആർക്കും നൽകിയില്ല. വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമായില്ലെങ്കിലും ലഭിച്ച ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടില്ല എന്നുള്ളത് വളരെ ഗൗരവതരമായ ഒരു വിഷയമാണ്. സഹായത്തിന് അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ആയത്

ഉറപ്പുവരുത്തുന്നതിന് കുടുംബശ്രീക്ക് സാധിച്ചില്ല.

31-03-2023-ൽ 1268208 രൂപ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു. പദ്ധതിക്കായി പ്ലാൻ ഫണ്ടിനത്തിൽ 3125914 രൂപ (മുന്നിരിപ്പ് ഉൾപ്പെടെ) ലഭിച്ചുവെങ്കിലും 2032334 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. പ്ലാൻ ഫണ്ട് വിനിയോഗിച്ച് നൽകാൻ കഴിയുമായിരുന്ന വീട് , വീട് മെയിന്റനൻസ് എന്നിവ ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടാതിരുന്നത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. സർക്കാർ ഫണ്ട് ചെലവഴിക്കപ്പെടാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി തുടർന്നുവരുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതിപ്പണം ചെലവഴിക്കുന്നതിനും കുടുംബശ്രീയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാകേണ്ടതും നിർവ്വഹണ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ കുടുംബശ്രീ- അഗതിരഹിത കേരളം അക്കൗണ്ട് നിലവിൽ കറന്റ് അക്കൗണ്ടാണ്. ആയതിനാൽ അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല. പ്രസ്തുത തുക എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നെങ്കിൽ നാൽപ്പതിനായിരത്തോളം രൂപ വാർഷികമായി പലിശയിനത്തിൽ ലഭിക്കുമായിരുന്നു. ആയതിനാൽ ഈ വിഷയത്തിൽ കുടുംബശ്രീയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും അടിയന്തിരമായി ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-27 പദ്ധതിനിർവ്വഹണ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തിരികെ ഒടുക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പദ്ധതി നിർവ്വഹണത്തിനായി മുമ്പ് ഉപയോഗിച്ചിരുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ തുക നീക്കിയിരിപ്പായുണ്ട്. ഇനം വ്യക്തമല്ലാത്ത പ്രസ്തുത തുകകൾ സർക്കാർ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് വിവരങ്ങൾ | | നീക്കിയിരുപ്പ് തുക |
|---|---|---|---|---|
| | | ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | |
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | റ്റി.എസ്.ബി. | 799011400002064 | 65989 |
| | | എസ്.ബി.ഐ. വടശ്ശേരിക്കര | 67081532669 | 372951 |
| 2 | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. | എസ്.ബി.ഐ. വടശ്ശേരിക്കര | 67144885481 | 5915 |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | എസ്.ബി.ഐ. വടശ്ശേരിക്കര | 67092221538 | 10961 |
| | ആകെ | | | 455816 |

പദ്ധതി നിർവ്വഹണ അക്കൗണ്ടിൽ ഇനം വ്യക്തമല്ലാതെ നീക്കിയിരുപ്പുള്ള തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പഞ്ചായത്തിന്റെ കുടുംബാരോഗ്യ കേന്ദ്രം നിൽക്കുന്ന സ്ഥലം സ്വകാര്യ ട്രസ്റ്റിന്റെ പേരിൽ

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിക്കുന്ന ആശുപത്രി 1995-ൽ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചെങ്കിലും നാളിതുവരെയും സ്ഥാപനം സ്ഥിതിചെയ്യുന്നസ്ഥലം പഞ്ചായത്തിന്റെ പേരിൽ ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട റവന്യൂ രേഖകൾ പ്രകാരം സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലം ഇ.എം.തോമസ് മെമ്മോറിയൽ ഹോസ്പിറ്റൽ ഫണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി കമ്മിറ്റിയുടെ ചെയർമാൻ പെരുനാട് വില്ലേജിൽ കക്കാട്ടു മുറിയിൽ കുറ്റിക്കയം ബംഗ്ലാവിൽ ഫ്രാൻസിസ് മകൻ എഫ്. തോമസ് പേർക്ക് വടശ്ശേരിക്കര വില്ലേജിൽ കമരംപേരൂർ വടക്കേക്കര മുറിയിൽ പുളിവേലിൽ പന്തിരുനാഴിയിൽ വീട്ടിൽ തോമസ് മകൻ കോശി എഴുതി നൽകിയ തീറാധാരം പ്രകാരം ലഭിച്ചിട്ടുള്ളതാണ്. ആശുപത്രി കൈമാറി ലഭിച്ച് 28 വർഷം കഴിഞ്ഞിട്ടും സ്ഥലവും കെട്ടിടങ്ങളും പഞ്ചായത്തിന്റെ പേരിലാക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥയാണ് വെളിവാക്കുന്നത്. നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വടശ്ശേരിക്കര കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് 27.12.22-ലെ ഭരണസമിതി യോഗം 27(1) നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുന്നതിന് 02.08.23-ൽ 28-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-29 രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്ത മാന്വൽ രസീത് ബുക്ക് നമ്പർ 12251 പരിശോധനയ്ക്കായി ഓഡിറ്റില് ഹാജരാക്കിയില്ല. വസ്തു നികുതിയുടെ ക്യാമ്പ് കളക്ഷനായി 27.01.2023 ൽ ക്ലാർക്കിനാണ് ടി ബുക്ക് ഇഷ്യൂ ചെയ്തത് നല്കിയിട്ടുള്ളത്. പ്രസ്തുത ബുക്ക് ഉപയോഗിച്ച് പിരിവ് നടത്തിയതിന്റെ വിവരങ്ങളടങ്ങിയ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. രസീത് ബുക്കിലെ 1 മുതൽ 49 വരെയുള്ള രസീതുകളുപയോഗിച്ച് പിരിവ് നടത്തിയതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. ഇത് പ്രകാരമുള്ള കളക്ഷൻ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുകയും സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുമുണ്ട്. രസീത് ബുക്ക് കാണാനില്ലാത്ത സാഹചര്യത്തിൽ അവശേഷിക്കുന്ന രസീതുകൾ ദുരുപയോഗം ചെയ്തിട്ടില്ലെന്ന് ഉറപ്പാക്കാനാവാത്ത സ്ഥിതിയാണ്. രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നവർ അവയുടെ സൂക്ഷിപ്പിൽ അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ്. വകുപ്പ് അധികാരികളെ അറിയിച്ച് രസീത് ബുക്ക് കണ്ടെത്തുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 വെള്ളക്കരമിനത്തിൽ കുടിശ്ശിക പെരുകുന്നു

ഗ്രാമപഞ്ചായത്തിൽ 282 പൊതു ടാപ്പുകളാണുള്ളത്. ഇവയുടെ വെള്ളക്കരമിനത്തിൽ 136018 രൂപയാണ് മാസം തോറും അടവാക്കിയത്. ഈ നിരക്കിൽ 2023 ഫെബ്രുവരി മാസം വരെ തുക അടച്ചിട്ടുണ്ട്. 2023 മാർച്ച് മാസം പൊതു ടാപ്പുകളുടെ വെള്ളക്കരം കേരള വാട്ടർ അതോറിറ്റി വർദ്ധിപ്പിച്ചു. ഒരു ടാപ്പിന് ഒരു വർഷം 5750 രൂപ എന്നുള്ളത് 14550രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. ഇത് പ്രകാരം 2023 മാർച്ച് മാസത്തെ ഡിമാന്റ് തുക 342137 രൂപയായി വർദ്ധിച്ചു. എന്നാൽ ഭരണസമിതിയുടെ 17-03-2023- ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് പഴയ തുക തന്നെയാണ് അടവാക്കിയത്. കൂടാതെ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം പുന: ക്രമീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതിനും തീരുമാനമെടുത്തു. 2023 ഫെബ്രുവരി മാസം വരെയുള്ള ബില്ലിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയൊന്നും ഉണ്ടായിരുന്നില്ല.

2023 ജൂലൈ മാസത്തെ ബിൽ പ്രകാരം മുൻ ബാക്കി- 918001 രൂപ, ഫൈൻ തുക- 8111 രൂപ, തൻമാസത്തെ ഡിമാന്റ് തുക- 342137 രൂപ എന്നിവ ഉൾപ്പെടെ 1278249 രൂപയുടെ ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. വാട്ടർ അതോറിറ്റിയുടെ ബിൽ തുകയായ 342137 രൂപ അടവാക്കാതെ മാർച്ച് മാസത്തിന് മുൻപുണ്ടായിരുന്ന ബിൽ തുകയായ 136018 രൂപ മാത്രമാണ് 2023 മാർച്ച് മാസം മുതൽ ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നത്. തന്മൂലമാണ് വാട്ടർ അതോറിറ്റിയിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശിക ഉണ്ടായിട്ടുള്ളത്. ഇപ്രകാരം ബിൽ പ്രകാരമുള്ള തുക അടവാക്കാത്ത സാഹചര്യത്തിൽ അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി ( നം.6/ 26-07-2023 ) നൽകിയിരുന്നു.

വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 12-04-2023- ൽ സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ട് 28-04-2023- ലെ ജനറൽ കമ്മിറ്റി ചർച്ച ചെയ്യുകയും നിലനിർത്തേണ്ട ടാപ്പുകൾ ഏതൊക്കെയാണെന്ന് തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ 2(1)-ാം നമ്പർ തീരുമാന പ്രകാരം 94 ടാപ്പുകൾ നിലനിർത്തണം എന്ന് കാണിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തു. എന്നാൽ 2023 ജൂലൈ മാസത്തെ ബില്ലിലും ടാപ്പുകളുടെ എണ്ണം 282 എന്ന് കാണിച്ചാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ ലഭ്യമായിട്ടുള്ളത്. സംയുക്ത പരിശോധനക്ക് ശേഷവും വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണം ക്രമീകരിച്ച് നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നിലവിൽ 94 ടാപ്പുകളുടെ തുക മാത്രമാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. തന്മൂലം ഓരോ മാസവും കുടിശ്ശിക തുക വലിയ തോതിൽ വർദ്ധിച്ച് വരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും വാട്ടർ അതോറിറ്റിയുടെ ബില്ലിൽ 94 ടാപ്പുകളുടെ എണ്ണമായി ക്രമപ്പെടുത്തി വാങ്ങേണ്ടതുമാണ്. കൂടാതെ കുടിശ്ശിക തുകയുടെ കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതും സ്വീകരിക്കുന്ന നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റിയിൽ തുക അടവാക്കി പൊതുടാപ്പുകൾ വിഛേദിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്.

## 1-31 പമ്പാ നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭിച്ച തുക ചെലവഴിച്ചില്ല

കേരള സർക്കാരിന്റെ റീ ബിൽഡ് കേരള ഇനിഷേറ്റീവിന്റെ ഭാഗമായി പമ്പാ നദീതീര സംരക്ഷണത്തിനായി കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് തയ്യാറാക്കിയ ജൈവ വൈവിധ്യ പുനരുദ്ധാരണ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷം 1597700/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് കേരള ജൈവ വൈവിദ്ധ്യ ബോർഡിൽ സമർപ്പിച്ച പ്രപ്പോസലിന്റെ അടിസ്ഥാനത്തിലാണ് തുക ലഭിച്ചത്. എന്നാൽ ഓഡിറ്റ് സമയത്തും ലഭിച്ച തുക ചെലവഴിച്ചിട്ടില്ല. ലഭ്യമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക വിനിയോഗിക്കേണ്ട മേഖല | ലഭിച്ച തുക |
|---|---|---|
| 1 | തലച്ചിറ ഗവ.എൽ.പി സ്കൂളിന്റെ പത്ത് സെന്റ് സ്ഥലത്ത് ജൈവ വൈവിദ്ധ്യ പാർക്ക് | 403200/- |

| | | |
|---|---|---|
| | തയ്യാറാക്കുന്നതിന് | |
| 2 | ഗ്രാമപഞ്ചായത്തിലെ കാരക്കാട്ട് തോട്, ചൊവ്വൂർ തോട് എന്നിവയുടെ പുനരുദ്ധാരണം | 1098200/- |
| 3 | പമ്പാ നദീതീര ജൈവ വൈവിദ്ധ്യ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി നട്ട തൈകളുടെ വേനൽക്കാല പരിചരണത്തിനായി തൊഴിലാളികളെ നിയോഗിക്കൽ, തൈകളുടെ സംരക്ഷണത്തിനായുള്ള അനുബന്ധ പ്രവൃത്തികൾ, പദ്ധതി പ്രദേശത്ത് അവബോധ ബോർഡുകൾ സ്ഥാപിക്കൽ എന്നിവ | 96300/- |
| | ആകെ | 1597700/- |

` മുകളിൽ ചൂണ്ടിക്കാട്ടിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ബി.എം.സി, സുസ്ഥിര,പരിയാരം, കണ്ണൂർ, ജൈവ വൈവിദ്ധ്യ ബോർഡ് എന്നിവർ ചേർന്ന് 2022 ജനവരി മാസം 21-ാം തീയതി ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്. കരാർ പ്രകാരം 2022 മാർച്ച് 10-നകം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ടി പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല.

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-25/26-07-2023) ലഭ്യമാക്കിയ മറുപടിയിൽ തലച്ചിറ ഗവ.എൽ.പി സ്കൂളിന്റെ പത്ത് സെന്റ് സ്ഥലത്ത് ജൈവ വൈവിദ്ധ്യ പാർക്ക് തയ്യാറാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. മറ്റ് രണ്ട് പദ്ധതി പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലഭിച്ച തുകയിൽ 13968 രൂപ മാത്രമാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. മുകളിൽ ചൂണ്ടിക്കാട്ടിയ പദ്ധതി പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും ലഭ്യമായ തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-32 റോഡ് മെയിന്റനൻസ് ഗ്രാന്റ് 1.05 കോടി രൂപ ലാപ്സാക്കി

വിനിയോഗത്തിലെ കുറവ് മൂലം റോഡുകളുടെ പുനരുദ്ധാരണത്തിന് ഉപയോഗിക്കാമായിരുന്ന 1.05 കോടി രൂപ പഞ്ചായത്തിന് നഷ്ടമായി. ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 43488271 രൂപയായിരുന്നു സർക്കാർ അനുവദിച്ചിരുന്നത്. ഇതിൽ 41488271 രൂപ വകയിരുത്തി 74 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 15 എണ്ണത്തിന് തൻവർഷം ധനവിനിയോഗം ഇല്ല. അവശേഷിച്ച 59 പ്രവൃത്തികൾക്ക് ആകെ 24234183 രൂപ ചെലവഴിച്ചു. ആകെ ലഭ്യമായ ഫണ്ടിന്റെ 55.73% ഫണ്ട് മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം (സ.ഉ.(കൈ)നം.79/2021/ധന., തീ. 15.07.2021) ചെലവഴിക്കാത്ത തുക പൂർണ്ണമായും ക്യാരി ഓവർ ചെയ്ത് ലഭിക്കില്ല. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയുള്ളൂ. 2023-24-ൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ക്യാരി ഓവർ ലഭിക്കുന്നത് 8697654 രൂപയാണ്. അവശേഷിച്ച 10556433 രൂപ പഞ്ചായത്തിന് നഷ്ടമായി.

വിനിയോഗത്തിലെ കുറവ് മൂലം 1.05 കോടി രൂപ പഞ്ചായത്തിന് നഷ്ടമായത് ഗൗരവതരമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധക്ഷണിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രോജക്ടുകൾ വലിയ തോതിൽ സ്പിൽ ഓവറാകുന്നു. ഓഡിറ്റ് വർഷം ആകെയുണ്ടായിരുന്ന 96 മരാമത്ത് പ്രവൃത്തികളിൽ 55 എണ്ണം സ്പിൽ ഓവറും, 41 എണ്ണം പുതിയ പ്രോജക്ടുകളുമായിരുന്നു. തൻ വർഷം ആവിഷ്കരിച്ച 41 പ്രവൃത്തികളിൽ 1.45 കോടി അടങ്കലുള്ള 18 പ്രവൃത്തികൾ നടപ്പാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. മുൻകാലങ്ങളിലെന്നപോലെ വളരെ വൈകിയാണ് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിച്ചിട്ടുള്ളത്. 2022-23-ലെ ആദ്യ ടെണ്ടർ നടന്നത് 23.11.2022-ലാണ് (19 പ്രവൃത്തികൾ). തുടർന്ന് 07.01.23-ൽ 17 പ്രവൃത്തികളും, 17.02.23-ൽ 11 പ്രവൃത്തികളും ടെണ്ടർ ചെയ്തു. സാമ്പത്തിക വർഷാരംഭത്തിൽതന്നെ വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയിൽനിന്നും അംഗീകാരം വാങ്ങിയെങ്കിലും മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, സങ്കേതികാനുമതി വാങ്ങി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന പ്രക്രിയയും സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴച്ചതായാണ് കാണുന്നത്. പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏകവർഷ പ്രോജക്ടുകളായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഏക വർഷ പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കി ധനവിനിയോഗം നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണ്. ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യത്തിലേക്ക് നീണ്ടുപോകുന്നത് പ്രവൃത്തികൾ വലിയ തോതിൽ സ്പിൽ ഓവറാകുന്നതിന് ഇടയാക്കുന്നു. ഓരോ വർഷവും സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും 80% എങ്കിലും തുക ചെലവഴിക്കാതെ വന്നാൽ ചെലവഴിക്കാത്തതിൽ 20% ൽ കൂടുതലുള്ള തുക നഷ്ടമാകുന്നതാണ്. പഞ്ചായത്തിന്റെ വികസനത്തിന് ലഭിക്കുന്ന സർക്കാർ ഫണ്ട് ഇപ്രകാരം ലാപ്സാകുന്നത് അംഗീകരിക്കാനാവില്ല.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനും, കരാർ കാലയളവിനുള്ളിൽ പ്രവൃത്തി

പൂർത്തിയാക്കുന്നതിന് വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ കരാറുടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതിനും നിർവ്വഹണ ചുമതലയുള്ള അസി.എഞ്ചിനീയർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ, പ്രത്യേകിച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 കരാറുകാരന് അധിക നിരക്കിൽ GST കോമ്പൻസേഷൻ നൽകി - 24605 രൂപയുടെ നഷ്ടം

| | |
|---|---|
| കരാറുകാരന്റെ പേര് | ശ്രീ കുര്യൻ കെ വർഗ്ഗീസ് |
| അടങ്കൽ | 490000 (Maint. Grant) |
| എഗ്രിമെന്റ് നം. | 11/AE/LSGD/VGP/2021-22, Dt. 09.08.21 |
| എം.ബുക്ക് നം. | 95/21-22 |
| പ്രവൃത്തി മൂല്യം<br>(ജി.എസ്.റ്റി കോമ്പൻസേഷൻ ഉൾപ്പെടെ) | 483893 |
| ബിൽ നം, തീയതി | 22051152006101223876, തീ. 20.02.23 |

2022-23സാമ്പത്തിക വർഷം പണി പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നൽകിയിട്ടുള്ള സെന്റ് തോമസ് പള്ളിപ്പടി മേപ്പുറത്തുപടി റോഡിൽ സംരക്ഷണഭിത്തിയും റീകോൺക്രീറ്റും ഐറിഷ് നിർമ്മാണവും എന്ന പ്രവൃത്തിയുടെ കരാറുകാരന് അധിക നിരക്കിൽ GST കോമ്പൻസേഷൻ നൽകിയ ഇനത്തിൽ 24605 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.91/22(41/23 SO) പ്രകാരം റോഡ് മെയിന്റനൻസ് ഫണ്ടിൽനിന്നും 490000 രൂപ വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ (0.02%) ടെണ്ടർ സമർപ്പിച്ച ശ്രീ കുര്യൻ കെ വർഗ്ഗീസ് എന്നയാളാണ് പ്രവൃത്തിയുടെ കരാർ എടുത്തിരുന്നത്. 09.08.2021-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി കരാറുകാരൻ 30.05.2022-ൽ പൂർത്തിയാക്കി. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 410079 രൂപയുടെ പ്രവൃത്തി നടത്തി. കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് 20.02.2023 തീയതിയിലാണ്. ഈ പ്രവൃത്തിയുടെ എം. ബുക്കും, ഫൈനൽ ബില്ലും പരിശോധിച്ചതിൽ കരാറുകാരന് GST കോമ്പൻസേഷൻ ഇനത്തിൽ പ്രവൃത്തി മൂല്യത്തിന്റെ 18% തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമായി. ഈ ഇനത്തിൽ കരാറുകാരന് 12% തുക നൽകേണ്ട സ്ഥാനത്താണ് 18% നൽകിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും, GST കോമ്പൻസേഷൻ നൽകുന്നതിനായി 12% തുകയായിരുന്നു വകയിരുത്തിയിരുന്നത് (52446.81).

മരാമത്ത് പ്രവൃത്തികൾക്കുള്ള GST നിരക്ക് 18.07.22 പ്രാബല്യത്തിലാണ് 18% ആയി വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ തീയതിയ്ക്ക് മുമ്പ് പ്രവൃത്തി പൂർത്തിയാക്കി ഇൻവോയ്സ് ജനറേറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളുടെ സംഗതിയിൽ 12% GST നിരക്കായിരിക്കും ബാധകമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (Circular No.79/2022/Fin, Dt.15.09.2022). ഈ സാഹചര്യത്തിൽ 18.07.22-ന് മുമ്പ് പൂർത്തിയാക്കിയിട്ടുള്ള ഈ പ്രവൃത്തിയുടെ കരാറുകാരന് 18% നിരക്കിൽ GST കോമ്പൻസേഷൻ അനുവദിച്ചത് അംഗീകരിക്കുന്നില്ല.

ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/02.08.2023) ഉത്തരവാദിയായ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, 6% GST അധികമായി നൽകിയ ഇനത്തിലുള്ള 24605രൂപ കരാറുകാരനിൽനിന്നും ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽനിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികം നൽകിയ തുക ഉത്തരവാദിയായ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിച്ച് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 1-35 സംരക്ഷണഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ 160210 രൂപയുടെ നഷ്ടം

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് (DR Masonry) Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അവലംബിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള Bond Stone ഈ പ്രവൃത്തികൾക്കൊന്നുംതന്നെ ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി.

Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിന് 5988.21/cum നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ Bond Stone ഉപയോഗിക്കാതെയുള്ള സാധാരണ പാറകെട്ടിന് 5047.6/cumനിരക്കാണ് അനുവദനീയമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Bond Stone ഉപയോഗിച്ചുള്ള നിർമ്മാണം

| |
|---|
| 75.7.1<br>DRY RUBBLE MASONRY _ Random Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications. |

| Mord SOR Code | Description | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|---|
| | Unit = Cum<br>A)Material | | | | |
| M-148 | Stone For RR Masonry | Cum | 1.0 | 1222.08 | 1222.08 |
| M-361 | Through Bond Stone<br>(7 Nos 0.24x0.24x0.39=0.16cum) | No | 7.0 | 52.75 | 369.25 |
| | B)Labour | | | | |
| L-12 | Mate | Day | 0.12 | 617.00 | 74.04 |
| L-11 | Mason (1st Class) | Day | 1.2 | 738.00 | 885.60 |
| L-29 | Mazdoor (Unskilled) | Day | 1.8 | 558.00 | 1004.40 |
| L-21 | Bhisti | Day | 0.08 | 617.00 | 49.36 |
| Cost Of 1 Cum | | | | | 3604.73 |
| Add Overhead 10% | | | | | 360.47 |
| Total | | | | | 3965.2 |
| Add CP 10% | | | | | 396.52 |
| Total | | | | | 4361.72 |
| Add Cost Index 37.29% | | | | | 1626.49 |
| Grand Total | | | | | 5988.21 |

Bond Stone ഉപയോഗിക്കാതെയുള്ള നിർമ്മാണത്തിന് അർഹമായ നിരക്കിന്റെ വിവരം :

| Mord SOR Code | Description | Unit | Quantity | Rate Rs | Cost Rs |
|---|---|---|---|---|---|
| | Unit = Cum<br>A)Material | | | | |
| M-148 | Stone For RR Masonry | Cum | 1.0 | 1222.08 | 1222.08 |
| | B) Labour | | | | |
| L-11 | Mason (1st Class) | Day | 1.0 | 738.00 | 738.00 |
| L-12 | Mate | Day | 0.12 | 617.00 | 74.04 |
| L-29 | Mazdoor (Unskilled) | Day | 1.8 | 558.00 | 1004.40 |
| Cost Of 1 Cum | | | | | 3038.52 |
| Add Overhead 10% | | | | | 303.85 |
| Total | | | | | 3342.37 |
| Add CP 10% | | | | | 334.24 |
| Total | | | | | 3676.61 |
| Add Cost Index 37.29% | | | | | 1371.01 |
| Grand Total | | | | | 5047.62 |

മേൽ വിശദമാക്കിയ പ്രകാരം Bond Stone ഉപയോഗിച്ചും, ഉപയോഗിക്കാതെയുമുള്ള നിരക്കുകൾ തമ്മിൽ ഘന മീറ്ററിന്

940.59 രൂപയുടെ വ്യത്യാസമാണുള്ളത്.

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ സംഗതിയിൽ കല്ല് കെട്ടിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഘനമീറ്ററിന് 940.59 രൂപ നിരക്കിൽ കരാറുകാർക്കുള്ള ബില്ലിൽനിന്നും തുക കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. കരാറുകാർക്ക് അനർഹമായി നിരക്ക് അനുവദിച്ച ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അനുവദിച്ച അളവ്, നിരക്ക്, തുക | അനുവദനീയമായ നിരക്ക്, തുക | അധികം നൽകിയ തുക (ടെണ്ടർ വ്യതിയാനം കുറവ് ചെയ്തതിന് ശേഷം) |
|---|---|---|---|---|
| 1 | ഓലിക്കൽ കൊടിഞ്ഞിയിൽ തോടിനു കുറുകെയുള്ള കലുങ്കിന് സംരക്ഷണഭിത്തി (വാർഡ്3 )<br>പ്രോജക്ട് നം. 50/23<br>കരാറുകാരൻ - ശ്രീ സലിം ജി.<br>ടെണ്ടർ വ്യതിയാനം - (-)0%<br>അടങ്കൽ - 400000<br>ചെലവ് - 398310<br>എം.ബുക്ക് - 100/21-22<br>ബിൽ നം., തീ. - 78/31.08.22 | Item No. 1.002<br>55.36 Cum<br>@5988.210<br>=331507.31 | Item No. 1.002<br>55.36 Cum<br>@5047.62<br>=279436.24 | 52071 |
| 2 | പള്ളിക്കമുരുപ്പേൽ പൂരുർ റോഡിൽ സംരക്ഷണഭിത്തി (വാർഡ് 15 )<br>പ്രോജക്ട് നം. 48/23<br>കരാറുകാരൻ - ശ്രീ എം. എ. സാബു<br>ടെണ്ടർ വ്യതിയാനം - (-)36.9%<br>അടങ്കൽ - 252315<br>ചെലവ് - 229806<br>എം.ബുക്ക് നം. 93/22<br>ബിൽ നം., തീ. – 58/21.07.22 | Item No. 3<br>51.81 Cum<br>@5988.210<br>=310225.210 | Item No. 3<br>51.81 Cum<br>@5047.62<br>=261517.19 | 48708.02-36.9% (ടെൻഡർ കുറവ് -17973) 30735/- |
| 3 | നെല്ലിപ്പാറ ബാലവാടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം (വാർഡ് 11 )<br>പ്രോജക്ട് നം.42/23<br>കരാറുകാരൻ - ശ്രീ എം.എ. സാബു<br>ടെണ്ടർ വ്യതിയാനം - (-)36.9%<br>അടങ്കൽ - 252050<br>ചെലവ് - 240606<br>എം.ബുക്ക് നം. 97/21-22<br>ബിൽ നം., തീ. 59/21.07.22 | Item No. 1.003<br>52.56 Cum<br>@5988.210<br>= 314752.29 | Item No. 1.003<br>52.56 Cum<br>@5047.62<br>= 265302.91 | 49449.38 – 36.9%<br>(ടെൻഡർ കുറവ് -18246)<br>31203 |
| 4 | ഓമനത്താംകുഴി അമ്പാരേത്തുപടി റോഡിൽ കലുങ്കും സംരക്ഷണഭിത്തിയും (വാർഡ് 14 )<br>പ്രോജക്ട് നം. 47/23<br>കരാറുകാരൻ - ശ്രീ എം.എ. സാബു<br>ടെണ്ടർ വ്യതിയാനം - (-)0.1% | Item No. 2.002<br>49.113 Cum<br>@5988.210<br>=294098.958 | Item No. 2.002<br>49.113 Cum<br>@5047.62<br>=247903.76 | 46195.20 – 0.1%<br>(ടെൻഡർ കുറവ് -46)46149/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ - 400000<br>ചെലവ് - 387182<br>എം.ബുക്ക് നം. 4/22-23<br>ബിൽ നം, തീയതി - 118/25.10.22 | | | |
| | ആകെ | | | 160158 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/02.08.2023) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരം ആകെ ആധികം നൽകിയ 160210 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽനിന്നും, അളവുകൾ ചെക്ക് മെഷർ ചെയ്ത് ബിൽ പാസാക്കി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-36 ഐറിഷ് ഓട നിർമ്മിക്കുന്നതിന് അധിക നിരക്കിൽ പ്രതിഫലം നൽകിയ ഇനത്തിൽ 13744 രൂപയുടെ നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ജണ്ടായിക്കൽ ചെറുകുളഞ്ഞി പള്ളിപ്പടി റോഡ് ഐറിഷ് (വാർഡ് 1) – പ്രോജക്ട് നം.75/21-22 (36/23 SO) |
| കരാറുകാരന്റെ പേര് | ശ്രീ കുര്യൻ കെ വർഗ്ഗീസ് |
| അടങ്കൽ | 269719 |
| എഗ്രിമെന്റ് നം. | 44/AE/LSGD/VGP/2021-22, Dt. 09.08.21 |
| എം.ബുക്ക് നം. | 87/21-22 |
| പ്രവൃത്തി മൂല്യം | 269715 |
| ബിൽ നം., തീ | 66/ 30-07-2022 |

2022-23വർഷം ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ജണ്ടായിക്കൽ ചെറുകുളഞ്ഞി പള്ളിപ്പടി റോഡിൽ ഐറിഷ് ഓട നിർമ്മിക്കുന്നതിന് അധിക നിരക്ക് നല്കിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 13744 രൂപ നഷ്ടം ഉണ്ടായിട്ടുള്ളതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

ഈ പ്രവൃത്തി കരാറെടുത്തിരുന്നത് ശ്രീ കുര്യൻ കെ വർഗ്ഗീസ് എന്നയാളാണ്. 6/1/22-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 11.04.22-ൽ കരാറുകാരൻ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തകം പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഇനം. 2 പ്രകാരം ഐറിഷ് ഓട നിർമ്മിക്കുന്നതിന് 41.313 ഘന മീറ്റർ കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളതായി കാണുന്നു (75.8.1 Providing Plain Cement Concrete For Road Work CC 1:2:4......). ആയതിന് 8410.35/cumനിരക്കാണ് അനുവദിച്ചത്. പ്രസ്തുത നിരക്കിൽ ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഐറിഷ് ഓട നിർമ്മിക്കുന്നതിന് ഫോം വർക്ക് ആവശ്യമില്ലാത്തതിനാൽ DSR 75.8.1 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകേണ്ടതില്ല. DSR 75.8.1.1.A പ്രകാരമുള്ള സ്പെസിഫിക്കേഷൻ അവലംബിക്കേണ്ട സ്ഥാനത്താണ് മേൽ പറഞ്ഞ പ്രകാരമുള്ള ഉയർന്ന നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| അനുവദിച്ച അളവ്, നിരക്ക്, തുക (DSR 75.8.1) | അനുവദനീയമായ നിരക്ക്, തുക (DSR 75.8.1.1.A) | അധികം നൽകിയത് |
|---|---|---|
| 41.313 Cum<br>@8410.35<br>=347456.79 | 41.313 Cum<br>@8077.66<br>=333712.37 | 13744 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.34/2.8.23) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കാണിച്ചിരിക്കുന്ന പ്രകാരം അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയ അസി.എഞ്ചിനീയറിൽനിന്നും, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും, പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് എടുത്ത് ബിൽ പാസാക്കി നൽകുകയും ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-37 എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല

ശരിയായ അന്വേഷണമോ, സൈറ്റ് പരിശോധനയോ ഇല്ലാതെ തിടുക്കത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതായും, വേണ്ടത്ര പരിശോധന കൂടാതെ സാങ്കേതിക അനുമതി നൽകുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതുമൂലം പ്രവൃത്തി പൂർണ്ണമായി പൂർത്തിയായതിനുശേഷം സർക്കാരിൽനിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഇടയായിട്ടുണ്ട്.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം, ചെയ്ത പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ചട്ടവിരുദ്ധമായി കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകയാണ് ചെയ്തിട്ടുള്ളത്. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവന ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ.)നം.17/2018/തസ്വഭവ, തീ.02.02.2018 ഖ.3.8.2).

PWD മാന്വലിലും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലും നിഷ്കർഷിച്ച പ്രകാരമല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഓഡിറ്റ് വർഷം ബിൽ തുക നൽകിയിട്ടുള്ളതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി വാങ്ങിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങിയ തീയതി |
|---|---|---|---|---|
| 1 | കാർമ്മൽ പള്ളിപ്പടി റോഡിൽ കല്ലോടി കുഴിയിൽ ഭാഗം കലുങ്ക് നിർമ്മാണം (വാർഡ് 15 ) - 121/22<br>കരാറുകാരൻ - ശ്രീ കുര്യൻ കെ വർഗ്ഗീസ്<br>കരാർ നം. - 94/AE/LSGD /VGP/2021-22<br>അടങ്കൽ - 600000<br>ചെലവ് - 599015<br>എം.ബുക്ക് നം. 1/22-23<br>ബിൽ നം., തീ. | 23.06.22 | 6-06-2022 | ലഭ്യമല്ല |
| 2 | വിവിധ അംഗൻവാടികൾക്കു പ്ലംബിംഗ് (35 44 51 52 56 ) (215/22)<br>കരാറുകാരൻ - ശ്രീ നോബിൾ റ്റൈറ്റസ് ചാക്കോ<br>കരാർ നം. 74/AE/LSGD /VGP/2021-22<br>അടങ്കൽ - 180000<br>ചെലവ് - 109813<br>എം.ബുക്ക് - 94/2021-22 | 11.04.22 | 6-06-2022 | 20.06.22 |
| 3 | വിവിധ അംഗൻവാടികളുടെ മെയിൻറനൻസ് (60/23)<br>കരാറുകാരൻ - ശ്രീ കുര്യൻ കെ വർഗ്ഗീസ്<br>കരാർ നം. 64/AE/LSGD /VGP/2021-22<br>അടങ്കൽ - 485000 | 26.04.2022 | 18.06.22 | ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | ചെലവ് - 421097<br>എം. ബുക്ക് നം. 10/21-22 | | | |
| 4 | 43 നം അംഗനവാടി തലച്ചിറ എൽ പി എസ് റോഡിൽ കല്വങ്കും കോൺക്രീറ്റും<br>(22/23)<br>കരാറുകാരൻ - അനൂപ് പി സോമൻ<br>കരാർ നം.45/AE/LSGD/VGP /2021-22<br>അടങ്കൽ - 39500<br>ചെലവ് - 391516<br>എം.ബുക്ക് നം.56/21-22 | 02.03.22 | 09.02.22 | 21.03.22 |
| 5 | ബേത്ലഹേം സെറ്റിൽമെന്റ് കോളനി നടവഴി സ്റ്റെപ് നിർമ്മാണം (വാർഡ് 15 )<br>(51/23)<br>കരാറുകാരൻ - ശ്രീ കുര്യൻ കെ വർഗ്ഗീസ്<br>കരാർ നം. 103/AE/LSGD/VGP /2021-22<br>അടങ്കൽ - 200000<br>ചെലവ് - 421097<br>എം.ബുക്ക് നം.9/22-23 | 29.10.22 | 25.02.23 | ലഭ്യമല്ല |
| 6 | മണിയാർ ജംഗ്ഷൻ ഫോറിൻ പടി റോഡ് കലുങ്ക് നിർമ്മാണവും റോഡ് മെയിൻറനൻസ്(വാർഡ് 8 )<br>(56/23)<br>കരാറുകാരൻ - ശ്രീ കുര്യൻ കെ. വർഗ്ഗീസ്<br>കരാർ നം. 91/AE/LSGD /VGP/2021-22<br>അടങ്കൽ - 800000<br>ചെലവ് - 47990<br>എം.ബുക്ക് നം.14/22-23 | 26.09.22 | 25.02.23 | ലഭ്യമല്ല |

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകിയിട്ടുള്ളതും ക്രമപ്രകാരമല്ല. മിക്ക റിവൈസ്ഡ് എസ്റ്റിമേറ്റുകളിലും അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ സീൽ പതിപ്പിച്ച് കൈയ്യൊപ്പ് ഇടുകമാത്രമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണാനുമതി തീരുമാനത്തിന്റെ നമ്പർ, സാങ്കേതികാനുമതി നമ്പർ, തീയതി മുതലായ സുപ്രധാന വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. ടി.എസ്. അതോറിറ്റി സാങ്കേതികാനുമതി നൽകുന്ന എസ്റ്റിമേറ്റുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് ഒരു ടി.എസ്. രജിസ്റ്റർ സൂക്ഷിക്കണമെന്നത് നിർബന്ധമാണ്. എന്നാൽ ടി.എസ്. രജിസ്റ്ററിൽ ചേർത്ത് നമ്പർ പോലും നൽകാതെ പ്രവൃത്തി പൂർത്തിയാക്കി മാസങ്ങൾക്കുശേഷം സമർപ്പിക്കപ്പെടുന്ന റിവൈസ്ഡ് എസ്റ്റിമേറ്റുകൾ തിടുക്കത്തിൽ അംഗീകരിച്ച് നൽകുന്നതായാണ് കാണുന്നത്.

എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിച്ചശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ അംഗീകരിക്കാനാവില്ല. തീർത്തും ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ മാത്രം കാര്യകാരണ സഹിതമുള്ള റിപ്പോർട്ടോടുകൂടി ഭരണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റവും സുതാര്യമായ രീതിയിൽ ടി.എസ്. അതോറിറ്റിയുടെ മുൻകൂർ അനുമതിയോടുകൂടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാവുന്നതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും/മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായതിനാൽ തീർത്തും ഒഴിവാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.40/03.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 കുടുംബശ്രീ യൂണിറ്റിന് കഫേ നിർമ്മാണം - നിഷ്ഫലമായ ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 27/23 |
| അടങ്കൽ | ₹498000 |
| കരാറുകാരൻ | ശ്രീ അനൂപ് സോമൻ |
| കരാർ നം. | 71/AE/LSGD/VGP/2020-21, Dtd 18.02.21 |
| പി.എ.സി. | ₹ 444196.64 |
| ചെലവ് | ₹ 389943 |
| എം.ബുക്ക് | 80/20-21 |
| ബിൽ നമ്പർ | 273/08.02.23 |

2022-23 വർഷം പണി പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നടത്തിയിട്ടുള്ള കുടുംബശ്രീ കഫേ നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി.

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. 2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 498000 രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. പ്രവൃത്തിക്ക് 389943 രൂപ ചെലവഴിച്ചു. കെട്ടിടത്തിന്റെ ഷീറ്റ് മേഞ്ഞ മേൽക്കൂരയുള്ള ഒന്നാം നില Welded Mesh ഉപയോഗിച്ച് സുരക്ഷിതമാക്കുന്നതിനും, തറ സെറാമിക് ടൈൽ ഇടുന്നതിനും, കെട്ടിടത്തിന്റെ യാർഡ് ഇന്റർ ലോക്ക് കട്ട വിരിക്കുന്നതിനുമാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തി പ്രവൃത്തി നടത്തിയിട്ടുള്ളത്. ഒരു ഭക്ഷണശാല പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ ഇവിടെ ഒരുക്കിയിട്ടില്ല. പൊതു നിരത്തിൽനിന്നും അകന്ന് ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്താണ് കഫേ നിർമ്മിച്ചിരിക്കുന്നത്.

വനിതകൾക്ക് തൊഴിലും വരുമാനവും ലക്ഷ്യമിട്ടാണ് പദ്ധതി ആവിഷ്കരിച്ചിരുന്നതെങ്കിലും കഫേ യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലം അതിന് അനുയോജ്യമല്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കി ഒന്നര വർഷം പിന്നിട്ടിട്ടും പദ്ധതി ലക്ഷ്യം കണ്ടില്ല. കഫേ ആരംഭിക്കുന്നതിനുള്ള തുടർ പദ്ധതികളൊന്നും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച പണം പാഴായ സ്ഥിതിയിലാണ്. വനിത ഘടക പദ്ധതി തുക വനിതകൾക്ക് പ്രയോജനം ലഭിക്കാതെ പരിണമിച്ച പദ്ധതിയിൽ നിക്ഷേപിച്ച് പാഴാക്കിയത് ഉചിതമല്ല.

ഈ പ്രവൃത്തി കരാറെടുത്തിരുന്നത് ശ്രീ അനൂപ് സോമൻ എന്ന കരാറുകാരനാണ്. 18.02.2021-ലാണ് കരാർ ചമച്ചത് (71/AE/LSGD/VGP/2020-21). ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് 60 ദിവസമായിരുന്നു. ആയത് പ്രകാരം 19.03.2021-ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് 6 മാസം നീട്ടി നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അനുവദിക്കാവുന്ന പരമാവധി കാലയളവ് 16.09.2021 വരെയായിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് 23.04.22-ൽ മാത്രമാണ്. നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തിയ കരാറുകാരനിൽനിന്നും പിഴ ഈടാക്കിയിട്ടില്ല. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1 ശതമാനവും, പിന്നീട് വരുന്ന ഒരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2 ശതമാനവും പിഴ ചുമത്താവുന്നതാണ് (നം.എ.സി.2/223/2015/തസ്വഭവ., തീ. 18.08.2018). ഈ പ്രവൃത്തിയുടെ കാര്യത്തിൽ കരാർ തുകയുടെ 3% പിഴയായി ചുമത്തേണ്ടതായിരുന്നു. പിഴ ഈടാക്കാതിരുന്നതിനാൽ 13326 രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ അല്ലാത്ത പക്ഷം പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസി.എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

പൊതു നിരത്തിൽനിന്നും അകന്ന് ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്ത് കഫേ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതിൽ പൊതു താല്പര്യമില്ല. പ്രവൃത്തി നടത്തിയ കരാറുകാരന് പണം ലഭിച്ചുവെന്നതൊഴിച്ചാൽ ഈ പ്രവൃത്തികൊണ്ട് പൊതു സമൂഹത്തിന്, പ്രത്യേകിച്ച് വനിതകൾക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 വൻതുക ചെലവഴിച്ച് സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തന രഹിതം

| | |
|---|---|
| പ്രോജക്റ്റ് | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് (65/23) |
| കരാറുകാരൻ | ശ്രീ സനൽകുമാർ |
| എഗ്രിമെന്റ് നം. | 99/AE/LSGD/VGP/2021-22 |
| അടങ്കൽ | 600000 (ശബരിമല ഫണ്ട്) |
| ചെലവ് | 410337 |
| എം.ബുക്ക് നം | 83/21-22 |
| ചെക്ക് നം., തീ. | 3952692/31.05.2022 |

അസി.എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ ഗ്രാമപഞ്ചായത്ത് 2022-23 സാമ്പത്തിക വർഷം 4.10 ലക്ഷം രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തിയ ഹൈമാസ്റ്റ് ലൈറ്റുകൾ പ്രകാശിക്കുന്നില്ല. വൻതുക മുടക്കി അറ്റകുറ്റപ്പണികൾ നടത്തി സ്ഥാപിച്ച ലൈറ്റുകൾക്ക് ഗ്യാരന്റി/വാറന്റി ഉറപ്പുവരുത്തുകയോ, ലൈറ്റുകൾ അംഗീകൃത ലാബിൽ ടെസ്റ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തുകയോ ചെയ്തില്ല. പദ്ധതിയ്ക്ക് പൊതു ഖജനാവിൽനിന്നും ചെലവഴിച്ച ലക്ഷങ്ങൾ പാഴായി.

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 600000 രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വടശ്ശേരിക്കര ടൗണിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് ഹൈമാസ്റ്റ് ലൈറ്റുകൾ സമഗ്രമായി അഴിച്ച് പണിയുന്നതിനാണ് 500000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ കുറഞ്ഞ തുക (₹419965) രേഖപ്പെടുത്തിയ ശ്രീ സനൽകുമാറിന്റെ ടെണ്ടർ സ്വീകരിച്ച് കരാർ നൽകി. 16.03.22-ൽ കരാർ വെച്ച പ്രവൃത്തി 25.03.22-ൽ പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചു. ഫൈനൽ ബിൽ പ്രകാരം ആകെ 410337 രൂപ ചെലവായിട്ടുണ്ട്.

രണ്ട് പോളുകളിലായി സ്ഥാപിച്ചിട്ടുള്ള 10 LED ഫ്ലഡ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിലെ 1-ാം ഇനമായി 239809.40രൂപയായിരുന്ന വകയിരുത്തിയിരുന്നത്. DSR CODE 90.15.4.11 എന്ന സ്പെസിഫിക്കേഷനാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ PRICE പോർട്ടലിൽ ലഭ്യമായ ഡാറ്റ പരിശോധിച്ചതിൽ ഇപ്രകാരമൊരു സ്പെസിഫിക്കേഷൻ കാണാൻ കഴിഞ്ഞിട്ടില്ല. 10 ഫ്ലഡ് ലൈറ്റുകൾ (200W LED Flood Light 105 Lumen Ip 66) മാറ്റി സ്ഥാപിക്കുന്നതിന് ലൈറ്റ് ഒന്നിന് 23980.94 രൂപ നിരക്ക് നൽകുന്നതിനായിരുന്ന എസ്റ്റിമേറ്റിൽ പ്രോവിഷൻ നൽകിയിരുന്നത് (സപ്ലൈ, കൺവയൻസ്, ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ് & കമ്മീഷനിംഗ് ഉൾപ്പടെ). 12% GST ഉൾപ്പടെ ഒരു ലൈറ്റിന് കരാറുകാരന് നൽകിയ പ്രതിഫലം 26858.65 രൂപയാണ്. ഓഡിറ്റിന് ലഭ്യമായ വിവരം അനുസരിച്ച് ഈ സ്പെസിഫിക്കേഷനിലുള്ള LED ലൈറ്റുകൾക്ക് 10000 രൂപയിൽ കുറവ് മാത്രമാണ് വിലയുള്ളത്. പ്രഥമ ദൃഷ്ടിയിൽതന്നെ അമിതമെന്ന് വ്യക്തമാകുന്ന തരത്തിൽ ഉയർന്ന തുക ലൈറ്റുകൾ സ്ഥാപിക്കുന്നതിന് വകയിരുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത് DSR പ്രകാരം അംഗീകരിച്ച നിരക്കാണെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (46/03.08.23) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയില്ല.

എസ്റ്റിമേറ്റിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലൈറ്റുകൾ അംഗീകൃത ലാബിൽ ടെസ്റ്റ് ചെയ്ത് ടെസ്റ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല (LM 79&80 Certificates From NABL Accredited Third Party Lab Mentioning Chip Manufacturer). കൂടാതെ ലൈറ്റുകൾക്ക് ഗ്യാരന്റി/വാറന്റി ലഭ്യമാക്കിയിട്ടുമില്ല. നിലവിൽ ഈ ലൈറ്റുകൾ പ്രകാശിക്കുന്നില്ലെന്നാണ് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വ്യക്തമായിരിക്കുന്നത്. പുതിയ രണ്ട് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സമാനമായ തുകയാണ് ഇവയുടെ അറ്റകുറ്റപ്പണികൾക്കുമാത്രമായി പഞ്ചായത്ത് ചെലവഴിച്ചത്. എന്നാൽ അംഗീകരിച്ച് എസ്റ്റിമേറ്റിൽ നിഷ്കർഷിച്ച ഗുണനിലവാര പരിശോധന നടത്തുന്നകാര്യത്തിലും, വിപണി വിലയുടെ പതിൻമടങ്ങ് തുക നൽകി സ്ഥാപിച്ച ലൈറ്റുകൾക്ക് മാനുഫാക്ചറർ നൽകുന്ന മിനിമം 2 വർഷ വാറന്റി ഉറപ്പാക്കുന്നതിലും ബന്ധപ്പെട്ടവർക്ക് വീഴ്ചയുണ്ടായിട്ടുണ്ട്. ഈ പ്രവൃത്തി ഒരു സാധാരണ റിപ്പയർ വർക്കായി പരിഗണിക്കാവുന്നതല്ല. പൊതുമരാമത്ത് വകുപ്പിന്റെ 25.11.2019-ലെ G.O.(P) No.161/2019/Fin. നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ വർക്കുകളുടെ സംരക്ഷണ കാലയളവ് 60 മാസമാണ്. ആയതിനാൽ കേടായ ലൈറ്റുകൾ കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്.

07.03.22-ൽ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതായാണ് ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. എന്നാൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുള്ളതായി കണ്ടില്ല. ഇത് സംബന്ധിച്ചും ഓഡിറ്റ് വിശദീകരണം ആരാഞ്ഞിരുന്നു. എന്നാൽ ബന്ധപ്പെട്ടവർ യാതൊരു വിശദീകരണവും ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 കരാർ ലംഘനം നടത്തിയ കോൺട്രാക്ടറുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ട് കെട്ടണം

2020-21-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന 6 പ്രവൃത്തികൾക്ക് കരാറെടുത്തവർ പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയിട്ടുള്ളതാണ്.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | കരാറുകാരന്റെ പേര്, കരാർ നം., തീ. | സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1 | 58 | 43 നം അംഗനവാടി തലച്ചിറ എൽ പി എസ് റോഡിൽ കല്ലുങ്കും കോൺക്രീറ്റും | 395000 | ശ്രീ വിജു വി.ആർ (77/AE /LSGD/VADGP /20-21 18/02/20) | 18000 |
| 2 | 90 | ഉമാപ്പടി ലോട്ടറി കോളനി റോഡ് അലങ്കാരത്ത് പടി തയ്യിൽപ്പടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 200000 | ശ്രീ ഗോപി കെ.എൽ (47/AE /LSGD/VADGP /20-21, 15/10/20) | 9000 |
| 3 | 135 | നിറയന്നൂർപ്പടി മുളവേലിൽ പടി റോഡ് കോൺക്രീറ്റ് | 150000 | ശ്രീ ഗോപി കെ.എൽ. (50/AE /LSGD/VADGP /20-21, 16/10/20) | 18000 |
| 4 | 70 | പള്ളിപ്പീടികയിൽ പടി പൂവത്തുങ്കൽ നെയ്യൂടം നടപ്പാത കോൺക്രീറ്റ് | 400000 | ശ്രീ വിജു വി.ആർ (50/AE /LSGD/VADGP /20-21, 16/10/20) | 18000 |
| 5 | 342 | മേപ്പുറത്ത് പടി കിഴക്കേടത്ത് പടി നടപ്പാത സ്റ്റെപ്പ് നിർമ്മാണം | 400000 | ശ്രീ വിജു വി.ആർ (79/AE /LSGD/VADGP /20-21, 18/02/21) | 18000 |
| 6 | 45 | വാളൂർ കൈതതാദം റോഡ് നടപ്പാത | 250000 | ശ്രീ വിജു വി.ആർ (51/AE /LSGD/VADGP /20-21, 16/10/20) | 11500 |

കരാർ കാലാവധി കഴിയുകയും തുടർന്ന് സപ്ലിമെന്ററി കരാർ വെച്ച് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ തയ്യാറാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ 17-09-2021 തീയതിയിലെ 9/1 നമ്പർ തീരുമാന പ്രകാരം കരാർ റദ്ദ് ചെയ്ത് പ്രവർത്തികൾ റീടെണ്ടർ ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ ടി കരാറുകാർ ഹാജരാക്കിയിട്ടുള്ള ജാമ്യ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ട് കെട്ടുന്നതിന് അസി.എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല. മേൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള ജാമ്യ നിക്ഷേപ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 പരേതരെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിൽ ഗുരുതര വീഴ്ച – സർക്കാർ ഖജനാവിന് ഭീമമായ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരുടെ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). മരണപ്പെട്ടവരെ സേവനാ പെൻഷൻ ഡാറ്റാ

ബേസിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. ഈ ഇനത്തിൽ ലക്ഷകണക്കിന് രൂപയുടെ നഷ്ടമാണ് സർക്കാർ ഖജനാവിന് ഉണ്ടായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐ.ഡി. | ഗുണഭോക്താവിന്റേ പേര്, വിലാസം | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം., തീ. | മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | ബാങ്കിൽ നിന്നും തിരികെ ഈടാക്കിയ തുക | തിരികെ ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 104010200250 | അച്ചാമ്മ ഫിലിപ്പ്<br>വള്ളപ്പുരയ്ക്കൽ ഹൗസ്<br>വടശേരിക്കര പി.ഒ | വാർദ്ധക്യകാല പെൻഷൻ | 28/01/2022 | 23/2022<br>10/02/2022 | 3200 | 0 | 3200 |
| 2 | 104010200874 | അംബുജാക്ഷിയമ്മ ജി<br>ഇലവുമൂട്ടിൽ ഹൗസ്<br>പുതുക്കുളം<br>മലയാലപ്പുഴ<br>ഏറം പി.ഒ | വാർദ്ധക്യകാല പെൻഷൻ | 03/01/2020 | 8/2020<br>04/02/2020 | 67000 | 26121 | 40879 |
| 3 | 104010200455 | അന്നമ്മ തോമസ്<br>കക്കാട്ട്,<br>വടശേരിക്കര | വാർദ്ധക്യകാല പെൻഷൻ | 03/06/2022 | 77/2022<br>15/06/2022 | 17600 | 0 | 17600 |
| 4 | 104010200378 | ഭാസ്കരൻ പി.എൻ<br>പുത്തൻപുരയ്ക്കൽ,<br>വടശേരിക്കര പി.ഒ | വാർദ്ധക്യകാല പെൻഷൻ | 25/09/2021 | 106/2021<br>08/10/2021 | 20800 | 0 | 20800 |
| 5 | 104010200408 | ഭവാനിയമ്മ<br>പാറ്റൂർ മുരുപ്പേൽ<br>എടക്കുളം പി.ഒ | വാർദ്ധക്യകാല പെൻഷൻ | 24/05/2019 | 57/2019<br>17/06/2019 | 4500 | 0 | 4500 |
| 6 | 104010201061 | ഭവാനിയമ്മ<br>കരിച്ചിത്താനത്ത് വീട്<br>റാന്നി<br>എടക്കുളം പി.ഒ | വാർദ്ധക്യകാല പെൻഷൻ | 28/02/2022 | 46/2022<br>17/03/2022 | 24000 | 0 | 24000 |
| 7 | 104010600376 | ദേവയാനിയമ്മ<br>പൊതിയിൽ,<br>അരീക്കാകാവ്<br>മണിയാർ പി.ഒ | വിധവ പെൻഷൻ | 27/11/2021 | 149/2021<br>16/12/2021 | 28800 | 291 | 28509 |
| 8 | 104010202037 | ഗൗരി<br>മരുതൂർ<br>അഞ്ചുമുക്ക്<br>മണിയാർ | വാർദ്ധക്യകാല പെൻഷൻ | 29/05/2023 | 67/2023<br>23/06/2023 | 3200 | 0 | 3200 |
| 9 | 104010201393 | ഗോപിനാഥൻ നായർ<br>വഞ്ചിക്കപ്പാറ<br>എടക്കുളം | വാർദ്ധക്യകാല പെൻഷൻ | 06/03/2022 | 48/2022<br>22/03/2022 | 22400 | 0 | 22400 |
| 10 | 104010100180 | ജമീല<br>അരീക്കൽ പുത്തൻവീട്<br>വടശേരിക്കര<br>പേഴുംപാറ പി.ഒ | കർഷകതൊഴിലാളി പെൻഷൻ | 18/02/2022 | 40/2022<br>04/03/2022 | 24000 | 0 | 24000 |
| 11 | 104010200439 | കെ എ തോമസ്<br>കൊന്നയ്ക്കൽ ഹൗസ്<br>വടശേരിക്കര പി.ഒ | വാർദ്ധക്യകാല പെൻഷൻ | 19/11/2021 | 147/2021<br>09/12/2021 | 28800 | 27600 | 1200 |
| 12 | 104010200424 | ചെല്ലപ്പൻ പിള്ള കെ ആർ<br>സ്വാമി മഠത്തിൽ<br>വടശേരിക്കര പി.ഒ | വാർദ്ധക്യകാല പെൻഷൻ | 29/09/2022 | 145/2022<br>19/10/2022 | 12800 | 11138 | 1662 |
| 13 | 104010202291 | കെ വി മാത്യു | വാർദ്ധക്യകാല | 08/06/2023 | 64/2023 | 3200 | 0 | 3200 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കണ്ണംപാറ<br>തടത്തിൽ<br>വടശേരിക്കര<br>കുമ്പളംപൊയ്ക പി.ഒ | പെൻഷൻ | | 20/06/2023 | | | |
| 14 | 104010200268 | കല്യാണി<br>പ്ലാംകല്ലിൽ ഹൗസ്<br>വടശേരിക്കര<br>പേഴുംപാറ പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 12/06/2019 | 70/2019<br>28/06/2019 | 4500 | 0 | 4500 |
| 15 | 104010100106 | കുഞ്ഞുകുഞ്ഞ് പികെ<br>പള്ളിക്കാലായിൽ<br>തെക്കുംമല<br>തലച്ചിറ ഏറം പി.ഒ | കർഷകതൊഴിലാളി<br>പെൻഷൻ | 16.10.2021 | 120/2021<br>27/10/2021 | 30400 | 0 | 30400 |
| 16 | 104010200491 | കുര്യൻ പുന്നൂസ്<br>കൂടത്തിൽ ഹൗസ്<br>റാന്നി, ചെറുകുളഞ്ഞി<br>പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 22/09/2021 | 110/2021<br>13/10/2021 | 32000 | 0 | 32000 |
| 17 | 104010201071 | എം എം ചാക്കോ<br>മണിയത്തറയിൽ<br>വടശേരിക്കര പി.ഒ | | 28/01/2022 | 26/2022<br>10/02/2022 | 25600 | 0 | 25600 |
| 18 | 104010202247 | മാമൻ തോമസ്<br>8/354, കണ്ണംപാറ<br>ചരുവിൽ<br>മണിയാർ പി.ഒ<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 29/06/2021 | 83/2021<br>02/09/2021 | 36800 | 0 | 36800 |
| 19 | 104010600512 | മണിയമ്മ<br>പെരുംതോലിൽ ഹൗസ്<br>തലച്ചിറ<br>തലച്ചിറ ഏറം പി.ഒ | വിധവ പെൻഷൻ | 25/08/2022 | 129/2022<br>24/09/2022 | 14400 | 13071 | 1329 |
| 20 | 104010100227 | മണിയൻ<br>പുത്തൻവീട്<br>വടശേരിക്കര,<br>മലയാലപ്പുഴ | കർഷകതൊഴിലാളി<br>പെൻഷൻ | 31/08/2022 | 131/2022<br>26/09/2022 | 12800 | 0 | 12800 |
| 21 | 104010600381 | മറിയാമ്മ<br>ചരിവുകാലായിൽ വീട്<br>വടശേരിക്കര | വിധവ പെൻഷൻ | 03/12/2019 | 144/2019<br>16/12/2019 | 66200 | 58879 | 7321 |
| 22 | 104010200480 | മേരികുട്ടി മാത്യൂ<br>ഇടയാടിയിൽ, റാന്നി<br>ചെറുകുളഞ്ഞി പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 13/08/2019 | 93/2019<br>17/09/2019 | 4500 | 0 | 4500 |
| 23 | 104010201912 | മത്തായി<br>ചരിവുകാലായിൽ<br>വടശേരിക്കര<br>തലച്ചിറ ഏറം പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 29/01/2022 | 25/2022<br>10/02/2022 | 25600 | 0 | 25600 |
| 24 | 104010100324 | മോഹനൻപിള്ള റ്റി ജെ<br>തടത്തിൽ ഹൗസ്,<br>റാന്നി, ചെറുകുളഞ്ഞി<br>പി.ഒ | കർഷകതൊഴിലാളി<br>പെൻഷൻ | 22/12/2021 | 6/2022<br>12/01/2022 | 27200 | 0 | 27200 |
| 25 | 104010201981 | ഓമന മാത്യൂ<br>ചരിവുകാലായിൽ<br>അനുഗ്രഹ ഭവൻ<br>പേഴുംപാറ<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 20/03/2023 | 41/2023<br>18/04/2023 | 6400 | 0 | 6400 |
| 26 | 104010200802 | ഫിലിപ്പോസ് മത്തായി<br>എടയക്കാട്ട്<br>വടശേരിക്കര<br>വടശേരിക്കര പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 15/12/2022 | 7/2023<br>10/01/2023 | 11200 | 7900 | 3300 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 27 | 104010100049 | പൊടിപ്പെണ്ണ്<br>നല്ലേത്തുമേമുറിയിൽ<br>പുതുക്കളം<br>തലച്ചിറ ഏറം പി.ഒ | കർഷകതൊഴിലാളി<br>പെൻഷൻ | 15/08/2021 | 81/2021<br>27/08/2021 | 32000 | 0 | 32000 |
| 28 | 104010201923 | പ്രഭാകരൻ<br>വെട്ടക്കുളത്ത്<br>തെക്കുംമല<br>തലച്ചിറ ഏറം<br>തലച്ചിറ ഏറം പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 24/10/2022 | 155/2022<br>02/11/2022 | 11200 | 0 | 11200 |
| 29 | 104010201779 | രാജമ്മ രാജേന്ദ്രൻ<br>നടുക്കേപുരയിൽ<br>ഇടത്തറ<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 08/06/2023 | 65/2023<br>20/06/2023 | 3200 | 0 | 3200 |
| 30 | 104010200034 | രുദ്രാണിയമ്മ<br>പൊൻമേലിൽ ഹൗസ്<br>വടശേരിക്കര<br>തലച്ചിറ ഏറം പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 27/07/2022 | 106/2022<br>05/08/2022 | 17600 | 0 | 17600 |
| 31 | 104010201587 | സാമുവേൽ<br>കൊന്നയ്ക്കൽ ഹൗസ്<br>അരീച്ചാക്കാവ്<br>വടശേരിക്കര<br>പേഴുംപാറ പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 12/09/2022 | 132/2022<br>27/09/2022 | 12800 | 0 | 12800 |
| 32 | 104010100130 | സാറാമ്മ<br>ഉഴമണ്ണ് പുത്തൻ വീട്<br>വടശേരിക്കര<br>ചെറുകുളഞ്ഞി പി.ഒ | കർഷകതൊഴിലാളി<br>പെൻഷൻ | 14/09/2021 | 102/2021<br>06/10/2021 | 1600 | 0 | 1600 |
| 33 | 104010201145 | സാറാമ്മ രാഘവൻ<br>മുണ്ടപ്ലാക്കൽ<br>വടശേരിക്കര<br>കുമ്പളാംപൊയ്ക | വാർദ്ധക്യകാല<br>പെൻഷൻ | 13/05/2019 | 49/2019<br>31/05/2019 | 4500 | 0 | 4500 |
| 34 | 104010200805 | സരോജിനി അമ്മ<br>മംഗലവീട്ടിൽ<br>കിഴക്കേതിൽ<br>റാന്നി, എടക്കുളം പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 24/12/2021 | 1/2022<br>12/01/2022 | 25600 | 0 | 25600 |
| 35 | 104010201109 | സോമരാജൻ<br>കിഴക്കേവലിയകാവിൽ<br>എടക്കുളം<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 06/12/2021 | 148/2021<br>16/12/2021 | 10200 | 6742 | 3458 |
| 36 | 104010600658 | ശോശാമ്മ ജോസഫ്<br>ഏലിയാസ്<br>കുഞ്ഞുമോൾ,<br>തടത്തിൽ<br>വടശേരിക്കര പി.ഒ | വിധവ പെൻഷൻ | 04/08/2021 | 77/2021<br>18/08/2021 | 1600 | 0 | 1600 |
| 37 | 104010201122 | സൂസമ്മ എബ്രഹാം<br>പുത്തൻ പറമ്പിൽ<br>വടശേരിക്കര<br>ചെറുകുളഞ്ഞി പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 12/04/2019 | 41/2019<br>29/04/2019 | 3600 | 0 | 3600 |
| 38 | 104010201063 | തങ്ക<br>മണ്ണിൽകിഴക്കേതിൽ<br>വടശേരിക്കര പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 19/08/2021 | 85/2021<br>10/09/2021 | 32000 | 3209 | 28791 |
| 39 | 104010200066 | തങ്കപ്പൻ<br>വാലുമണ്ണിൽ, ബൗണ്ടറി,<br>പേഴുംപാറ പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 08/03/2019 | 36/2019<br>23/03/2019 | 12000 | 0 | 12000 |
| 40 | 104010200111 | തങ്കപ്പൻ നാരായണൻ | വാർദ്ധക്യകാല<br>പെൻഷൻ | 04/04/2019 | 40/2019<br>29/04/2019 | 12000 | 0 | 12000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 41 | 104010201213 | തോമസ്<br>മുള്ളൻപാറ ഹൗസ്<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 24/06/2019 | 69/2019<br>28/06/2019 | 4500 | 0 | 4500 |
| 42 | 104010202169 | വാസുദേവൻ നായർ<br>ചരിവുകാലായിൽ<br>വടശേരിക്കര<br>തലച്ചിറ ഏറം | വാർദ്ധക്യകാല<br>പെൻഷൻ | 22/08/2022 | 136/2022<br>30/09/2022 | 16000 | 8000 | 8000 |
| 43 | 104010200093 | വെളുമ്പൻ സോമൻ<br>മുരുപ്പേൽ ഹൗസ്<br>ഒലിക്കല്ല്<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 12/02/2023 | 23/2023<br>09/03/2023 | 8000 | 3138 | 4862 |
| 44 | 104010202167 | വേണുഗോപാലൻ<br>നായർ<br>1/199, ലക്ഷ്മി വിലാസം<br>ചെറുകുളഞ്ഞി | വാർദ്ധക്യകാല<br>പെൻഷൻ | 08/08/2022 | 54/2023<br>26/05/2023 | 14400 | 0 | 14000 |
| 45 | 104010200761 | വിലാസിനി<br>ചെമ്പരത്തിമൂട്ടിൽ,<br>ബൗണ്ടറി, പേഴുംപാറ | വാർദ്ധക്യകാല<br>പെൻഷൻ | 24/08/2022 | 119/2022<br>14/09/2022 | 5400 | 0 | 5400 |
| 46 | 104010200857 | വിശ്വനാഥൻ<br>നല്ലൂർ,മണിയാർ<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 04/03/2023 | 24/2023<br>16/03/2023 | 6400 | 0 | 6400 |
| 47 | 104010200685 | യശോദരൻ<br>ഇടത്തറ വടക്കേതിൽ<br>മണിയാ, മണിയാർ<br>പി.ഒ | വാർദ്ധക്യകാല<br>പെൻഷൻ | 25/01/2023 | 19/2023<br>13/02/2023 | 8000 | 0 | 8000`` |
| 48 | 104010201749 | മോഹനൻ വി<br>വാറ്റുപുരയിടത്തിൽ,<br>തലച്ചിറ,<br>വടശേരിക്കര | വാർദ്ധക്യകാല<br>പെൻഷൻ | 05/12/2019 | 644/2019<br>19/12/19 | 61400 | 17531 | 43869 |
| 49 | 104010202030 | കെ ആർ മോഹനൻ<br>പിള്ള<br>മോഹനവിലാസം,<br>ബൗണ്ടറി,പേഴുംപാറ | വാർദ്ധക്യകാല<br>പെൻഷൻ | 12/11/2022 | 5707/2022<br>21/11/2022 | 11200 | 0 | 11200 |
| 50 | 104010100155 | കുഞ്ഞമ്മ കെ ജി<br>വേങ്ങനിൽകുന്നത്തിൽ,<br>നെയ്യൂടം,<br>വടശേരിക്കര | കർഷകതൊഴിലാളി<br>പെൻഷൻ | 21/09/2021 | 4819/2021<br>28/09/2021 | 32000 | 30400 | 1600 |
| 51 | 104010200417 | മറിയാമ്മ ജോൺ<br>പതാലിൽ(H),<br>വടശേരിക്കര പി ഒ | വാർദ്ധക്യകാല<br>പെൻഷൻ | 15/07/2019 | 443/2019<br>03/08/2019 | 4500 | 0 | 4500 |
| 52 | 104010201185 | ചാക്കോ മത്തായി<br>പ്ലാംകൂട്ടത്തിൽ<br>വടശേരിക്കര പി ഒ | വാർദ്ധക്യകാല<br>പെൻഷൻ | 16/01/2020 | 64/2020<br>27/01/2020 | 66200 | 0 | 66200 |
| 53 | 104010200914 | ഗോപാലൻ<br>വട്ടക്കൂട്ടത്തിൽ ഹൗസ്<br>തലച്ചിറ പി ഒ | വാർദ്ധക്യകാല<br>പെൻഷൻ | 26/07/2019 | 453/2019<br>06/08/2019 | 3600 | 0 | 3600 |
| 54 | 104010201903 | പ്രഭാകരൻ ആചാരി<br>സരസ്വതി ഭവൻ, | വാർദ്ധക്യകാല<br>പെൻഷൻ | 14/09/2020 | 10309/2020<br>29/09/2020 | 7100 | 0 | 7100 |
| | ആകെ | | | | | 986500 | 214020 | 772480 |

പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും, ഓഡിറ്റ് നടത്തിയ പരിശോധനയിലും മേൽ പറഞ്ഞ പ്രകാരം 772480/-രൂപ തിരികെ ഈടാക്കുന്നതിന് അവശേഷിക്കുന്നതായാണ് വ്യക്തമായിട്ടുള്ളത്. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടിൽ അവശേഷിച്ച 214020രൂപ ബാങ്കിൽനിന്നും തിരികെ ഒടുക്കിയിട്ടുള്ളതായും, 20 ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷം ക്രഡിറ്റ് ചെയ്ത 578020 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽനിന്നും, അനന്തര അവകാശികളിൽനിന്നും ഈടാക്കിയിട്ടുണ്ടെന്നും സെക്രട്ടറി

അറിയിച്ചു. എന്നാൽ തുക തിരികെ ഒടുക്കിയതിന്റെ UTR നമ്പർ ബന്ധപ്പെട്ട ബാങ്കുകളിൽനിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കുന്ന തുക ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ പൂർണ്ണമായും ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് കൃത്യമായി നടപ്പിലാക്കിയിട്ടില്ല. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-42 സേവന പെൻഷൻ ഡാറ്റാ ബേസിൽ മരണപ്പെട്ടവരും അനർഹരുമായ 83 പേർ

2019-ൽ നടന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിൽ പങ്കെടുക്കാതിരുന്നവരും, അതുപോലെതന്നെ പുനർവിവാഹം കഴിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നവരുമായ 83 പേരുടെ പെൻഷൻ താല്കാലികമായി തടഞ്ഞുവച്ചിട്ടുള്ളതായി സേവന പെൻഷൻ പോർട്ടലിൽ ലഭ്യമായ ബിൽ ഡിസ്ക്രപ്പൻസി റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും വ്യക്തമായി. മുമ്പ് മരണപ്പെടുകയും, എന്നാൽ സേവന പെൻഷൻ ഡാറ്റാ ബേസിൽ പെൻഷൻ ഗുണഭോക്താക്കളായി തുടരുകയും ചെയ്യുവരാണ് മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതെന്നാണ് വ്യക്തമാകുന്നത്. ഇത്തരക്കാരുടെ പെൻഷൻ ബാങ്കുകൾ തടഞ്ഞ് വെച്ച് തിരിച്ചടയ്ക്കുന്നുണ്ടെങ്കിലും, ഓരോ തവണയും പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാർ തുക അനുവദിക്കുമ്പോഴും ഇവർക്കുള്ള തുക കൂടി ബാങ്കുകൾക്ക് കൈമാറുന്നുണ്ട്. സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതിയിൽ വിതരണം ചെയ്യാത്ത തുക തിരിച്ചടയ്ക്കുന്നുണ്ടെങ്കിലും പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റുമാർക്ക് കമ്മീഷൻ ഇനത്തിൽ അനുവദിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതില്ല. ഈ ഇനത്തിൽ സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടാകുന്നുണ്ട്.

മരണപ്പെട്ടവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഉത്തരവാദിത്തമുണ്ട്. ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ബിൽ ഡിസ്ക്രപ്പൻസി റിപ്പോർട്ട് പരിശോധിച്ച് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധിക നിരക്കിൽ GST കോമ്പൻസേഷൻ നൽകിയ ഇനത്തിൽ 24605 രൂപയുടെ നഷ്ടം

മരാമത്ത് പ്രവൃത്തികൾക്കുള്ള GST നിരക്ക് 18.07.22 പ്രാബല്യത്തിലാണ് 18% ആയി വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ തീയതിയ്ക്ക് മുമ്പ് പ്രവൃത്തി പൂർത്തിയാക്കി ഇൻവോയ്സ് ജനറേറ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളുടെ സംഗതിയിൽ 12% GST നിരക്കായിരിക്കും ബാധകമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (Circular No.79/2022/Fin, Dt.15.09.2022). എന്നാൽ 09.08.2021-ൽ എഗ്രിമെന്റ് വെച്ച് 30.05.2022-ൽ പണി പൂർത്തിയാക്കിയിട്ടുള്ള സെന്റ് തോമസ് പള്ളിപ്പടി മേപ്പുറത്തുപടി റോഡിൽ സംരക്ഷണഭിത്തിയും റീകോൺക്രീറ്റും ഐറിഷ് നിർമ്മാണവും (പ്രോജക്റ്റ് നം.91/22) എന്ന പ്രവൃത്തിയുടെ കരാറുകാരന് 18% നിരക്കിലാണ് GST കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. ഈ ഇനത്തിൽ സർക്കാർ

ഫണ്ടിന് 24605 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ 24605 രൂപ ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ ചേർത്തിട്ടുണ്ട് (ഖണ്ഡിക 1-34).

### 3-2 പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ 160210 രൂപയുടെ നഷ്ടം

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കരിങ്കല്ല് ഉപയോഗിച്ച് പാർശ്വഭിത്തി നിർമ്മിക്കുന്നതിന് (DR Masonry) Bond Stone ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള സ്പെസിഫിക്കേഷനും (DSR 75.7.1) നിരക്കുമാണ് അവലംബിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഈ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരം Bond Stone ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. Bond Stone ഉപയോഗിച്ചുള്ള നിർമ്മാണത്തിന് അർഹമായ 5988.21/cum നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. Bond Stone ഉപയോഗിക്കാതെയുള്ള സാധാരണ പാറകെട്ടിന് 5047.6/cumനിരക്കാണ് അനുവദനീയമായിട്ടുള്ളത്. ഓലിക്കൽ കൊടിഞ്ഞിയിൽ തോടിനു കുറുകെയുള്ള കലുങ്കിന് സംരക്ഷണഭിത്തി (പ്രോ.നം. 50/23), പള്ളിക്കമുരുപ്പേൽ പൂരുർ റോഡിൽ സംരക്ഷണഭിത്തി (പ്രോ. നം. 48/23), നെല്ലിപ്പാറ ബാലവാടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം (പ്രോ.42/23), ഓമനത്താംകുഴി അമ്പാരേത്തുപടി റോഡിൽ കലുങ്കം സംരക്ഷണഭിത്തിയും (പ്രോ.നം. 47/23) എന്നീ പ്രവൃത്തികളുടെ നിർവ്വഹണത്തിലാണ് അപാകതയുണ്ടായിട്ടുള്ളത്. Bond Stone ഉപയോഗിക്കാതെയുള്ള പാറകെട്ടിന് ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ കരാറുകാർക്ക് അധികം നൽകിയ 160158 രൂപ ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 1-35).

### 3-3 ഹൈറിഷ് ഓട നിർമ്മിക്കുന്നതിന് അധിക നിരക്കിൽ പ്രതിഫലം നൽകിയ ഇനത്തിൽ 13744 രൂപയുടെ നഷ്ടം

2022-23വർഷം ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ജണ്ടായിക്കൽ ചെറുകുളഞ്ഞി പള്ളിപ്പടി റോഡിൽ ഹൈറിഷ് ഓട നിർമ്മിക്കുന്നതിന് അധിക നിരക്ക് നല്കിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 13744 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം. 2 പ്രകാരം ഹൈറിഷ് ഓട നിർമ്മിക്കുന്നതിന് 41.313 ഘന അടി കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ട്. കോൺക്രീറ്റിംഗിന് DSR 75.8.1 പ്രകാരം 8410.35/cumനിരക്കാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത നിരക്കിൽ ഫോം വർക്ക് ചെയ്യുന്നതിനുള്ള തുകയും ഉൾപ്പെട്ടിരിക്കുന്നു. എന്നാൽ ഹൈറിഷ് ഓട നിർമ്മിക്കുന്നതിന് ഫോം വർക്ക് ആവശ്യമില്ലാത്തതിനാൽ DSR 75.8.1 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകേണ്ടതില്ല. DSR 75.8.1.1.A പ്രകാരമുള്ള സ്പെസിഫിക്കേഷൻ അവലംബിക്കേണ്ട സ്ഥാനത്താണ് മേൽ പറഞ്ഞ പ്രകാരമുള്ള ഉയർന്ന നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. കരാറുകാരന് അധികം നൽകിയ 13744രൂപ ഓഡിറ്റിൽ നിരാകരിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക – 1-36).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 89166 | വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (77/23) | 89166 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 150000 | കിഴങ്ങ് കൃഷി- വനിത (269/23) | 150000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 419122 | പാലിയേറ്റീവ് പരിചരണം (7/23) | 419122 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | പത്താം വാർഡിലെ എം.എൻ ലക്ഷം വീട്- ഇരട്ടവീട് ഒറ്റവീടാക്കൽ (14/23) | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 68800 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (91/23) | 68800 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100947 | പാലിന് സബ്സിഡി (102/23) | 100947 | 0 |

| | | | | |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | സുഭിക്ഷം കേരളം-കിഴങ്ങുവിള (111/23) | 200000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 27000 | ലൈഫ് ഭവന പദ്ധതി- എസ്.റ്റി (83/23) | 27000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 800000 | ലൈഫ് ഭവന പദ്ധതി- എസ്.സി.പി (82/23) | 800000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 800000 | ലൈഫ് ഭവന പദ്ധതി- ജനറൽ (81/23) | 800000 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 188068 | അങ്കണവാടി-പോഷകാഹാര പദ്ധതി (12/23) | 188068 | 0 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (91/23) | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ്ലൈൻ നീട്ടൽ (239/23) | 1293466/- | 0 | 1293466/- |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (2/23) | 779203/- | 0 | 779203/- |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പോസ്റ്റ് ഷിഫ്റ്റിഗ്(212/23) | 7952 | | 7952 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ലഭിച്ച വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി- കെ.യു.ആർ.ഡി.എഫ്.സി ലോൺ | 4077241 | 2625241 | 1083839 | -- | 1541402 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയ്യതി |
|---|---|---|---|---|
| 2012-13 | 3(5) | 1031 | ശ്രീമതി സരസമ്മ മോഹൻ | 1220300132/18.05.2022 |
| 2012-13 | 3(5) | 1031 | ശ്രീമതി ഗീതാ ശിവൻ | 1220200661/08.06.2022 |
| 2012-13 | 3(5) | 1031 | ശ്രീമതി മഞ്ജു പിള്ള | 1220200662/08.06.2022 |
| 2012-13 | 3(5) | 1031 | ശ്രീമതി ദീപ | 1220622/14.10.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2007-08 | 3-16(1) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനസഹായ വിതരണ മേഖലകളിൽ കൃത്രിമം കാണിച്ചു | VC/3/13/PTA നമ്പർ കേസ് നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-2 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | അദ്ധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 6,17,89,752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,44,07,495 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 198507 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 800280 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 24605 | ശ്രീമതി ഓമന എ., അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-35 | 160158 | (₹80079) ശ്രീമതി ഓമന എ., അസിസ്റ്റന്റ് എഞ്ചിനീയർ<br>(₹80079) ശ്രീ സാം മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-36 | 13744 | (₹6872) ശ്രീമതി ഓമന എ., അസിസ്റ്റന്റ് എഞ്ചിനീയർ<br>(₹6872) ശ്രീ സാം മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 389943 | ശ്രീമതി ഓമന എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-40 | 410337 | ശ്രീമതി ഓമന എ., അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഓമന എ., അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | ഏഴിക്കാട്, കുറിച്ചിമുട്ടം പി.ഒ., ആറന്മുള |
| ശ്രീ സാം മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>റാന്നി ബ്ലോക്ക് പഞ്ചായത്ത് | ഗ്രേസ് കോട്ടേജ്, തിരുവല്ല – 689 101 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ-പി4/648/2008 തീയതി 14-01-2005 | 8 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/405/2007 തീയതി 26-03-2008 | 4 2-4, 2-8, 2-14, 2-16-2-3 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/249/2008 തീയതി 30-06-2009 | 4 3-14, 3-16, 3-19, 3-20 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5/754/2008 തീയതി 25.07.2009 | 6 3-2, 3-4, 3-8, 3-13, 3-14, 3-32 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6/755/2008 തീയതി 28.07.2009 | 2 3-9, 3-10 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി8/23/2011 തീയതി 31.10.11/ 07.01.2013 | 2 3-6, 3-9 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/24/2011 തീയതി 12.12.2011/ 08-01-2013 | 6 3-12, 3-13, 3-15, 3-16, 3-23, 3-34 |
| 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ-പി6/97/2013 തീയതി 09-05-1¾.11.13 | 2 3-16, 3-21 |

| | | |
|---|---|---|
| 2013-14 & 2014-15 | കെ.എസ്.എ.ഡി.റ്റി.എ-പി11/31/16<br>തീയതി 13.1.16/16.1.16 | 3 3-2, 3-5, 3-16 |
| 2015-16 | എൽ.എഫ്.പി.റ്റി.എ-പി6/975/2016<br>തീയതി 30-08-2016 | 7 2-4, 2-8, 3-2, 3-3,<br>3-5, 3-6, 3-7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി11/676/2017<br>തീയതി 27.6.17/31-03-2018 | 4 2-9, 2-11, 3-2, 3-22 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-11/1526/2018<br>തീയതി 11.12.2018 | 3 2-1, 2-2, 3-3 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി-11/627/2019<br>തീയതി 17.8.2019 | 4 2-9, 3-1, 3-5, 3-8 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി11 -742 /2021<br>തീയതി .20.12.2021 | എല്ലാ പരാമർശങ്ങളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി11 -743 /2021<br>തീയതി .20.12.2021 | എല്ലാ പരാമർശങ്ങളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 03-07-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the VADASSERIKARA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of VADASSERIKARA Grama Panchayat for the year 2022-2023

Date: 09/10/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of VADASSERIKARA Grama Panchayat for the Year 2022-2023.

**1.Major Observations**

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1) Lapses is making timely and accurate demand entries in respect of tax/Non tax revenues.

2) Cash flow statement- Net decrease in cash flow dows not match with the difference between the opening balance and closing balanceof cash and cash equavalents

3) Lack of authonticated jouranl vouchers for supporting the adjustment entries recorded in prior period items schedule 1-19.

4) The capital work in progress as per balance sheet does not match with ledger balance. Also lack of

documents and register to ascertain the accuracy of amount under this head

5) Omission noticed in carrying out bank balance of WGDP programme.

6) Redemption amount received in wrong accounted under receivable from government account

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്